കർമ്മശാസ്ത്രം ചോദ്യോത്തരങ്ങളിലൂടെ – 2

# വിസർജന മര്യാദകൾ

(30 ചോദ്യങ്ങളും ഉത്തരങ്ങളും)

അബ്ദുൽ മുഹ്സിൻ ഐദീദ്
- غَفَرَ اللَّـهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ الْمُسْلِمِينَ -

# വിസർജന മര്യാദകൾ

1. വിസർജനം ശുദ്ധീകരിക്കാൻ ഇസ്‌ലാമിൽ പഠിപ്പിക്കപ്പെട്ടിട്ടുള്ള വഴികൾ ഏതെല്ലാമാണ്? _ _ _ _ _ _ _ _ _ _ _ _ _ 5

2. വളരെ കുറച്ച് മൂത്രമേ ഉള്ളൂ എങ്കിൽ ശുദ്ധീകരിക്കൽ നിർബന്ധമാണോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 5

3. മലമൂത്ര വിസർജ്യം ശുദ്ധീകരിക്കാൻ സാധിക്കാത്ത വ്യക്തി എന്തു ചെയ്യണം? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 6

4. മലമൂത്ര വിസർജനം ശുദ്ധീകരിക്കുമ്പോൾ നിയ്യത് വേണ്ടതുണ്ടോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 7

5. മലവിസർജനം നടത്തിയാൽ എവിടെയെല്ലാം ശുദ്ധീകരിക്കണം? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 7

6. മൂത്രം ഒഴിച്ചാൽ എവിടെയെല്ലാം ശുദ്ധീകരിക്കണം? _ _ 8

7. മദ്‌യ് (രേതസ്സ്) പുറത്തു വന്നാൽ എങ്ങനെയാണ് ശുദ്ധീകരിക്കേണ്ടത്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 8

8. മദ്‌യ് (രേതസ്സ്) കല്ലോ ടവ്വലോ കൊണ്ട് തുടച്ചാൽ മതിയാകുമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 10

9. വദ്‌യ് എങ്ങനെയാണ് ശുദ്ധീകരിക്കേണ്ടത്? _ _ _ _ _ 12

10. കീഴ്ശ്വാസം വന്നാൽ നിസ്കാരത്തിന് മുൻപ് ഗുഹ്യസ്ഥാനം ശുദ്ധീകരിക്കണമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ 12

11. തുടർച്ചയായി വുദു നഷ്ടപ്പെടുന്നവർ എന്താണ് ചെയ്യേണ്ടത്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 13

12. മൂത്രം ശുദ്ധീകരിച്ച ശേഷം മാത്രമേ വുദു എടുക്കാവൂ എന്നുണ്ടോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 15

13. വിസർജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ എന്താണ് ചൊല്ലേണ്ടത്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 16

14. വിസർജന സ്ഥലത്ത് നിന്ന് പുറത്തു വരുമ്പോൾ ചൊല്ലേണ്ടത് എന്താണ്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 17

15. വിസർജനസ്ഥലത്തേക്ക് ഇടതു കാൽ വെച്ചു കൊണ്ട് പ്രവേശിക്കണം എന്നതിനുള്ള തെളിവെന്താ

ണ്? _ _ _ _ _ 18
16. മലമൂത്ര വിസർജനത്തിനിടെ ബാങ്കിന് ഉത്തരം നൽകാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 18
17. അല്ലാഹുവിന്റെ പേരുള്ള എന്തെങ്കിലും കാര്യം വിസർജനസ്ഥലത്തേക്ക് പ്രവേശിപ്പിക്കാമോ? _ _ _ _ _ _ _ _ _ _ 19
18. ഖുർആൻ അടങ്ങിയ മൊബൈലുമായി വിസർജനസ്ഥലത്ത് പ്രവേശിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 20
19. മലമൂത്ര വിസർജനത്തിനിടയിൽ പരസ്പരം സംസാരിക്കുന്നതിന്റെ വിധിയെന്താണ്? _ _ _ _ _ _ _ _ _ _ _ _ _ 22
20. തുറസ്സായ സ്ഥലങ്ങളിൽ ആരെങ്കിലും അടുത്തു നിൽക്കുമ്പോൾ മലമൂത്ര വിസർജനം ചെയ്യാമോ? _ _ _ _ _ _ 23
21. മലമൂത്ര വിസർജനം ഖിബ്‌ലക്ക് നേരെയാകുന്നതിന്റെ വിധിഎന്താണ്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 25
22. മറ്റൊരാൾ കാണുന്ന രൂപത്തിൽ മലമൂത്ര വിസർജനം ചെയ്യുന്നതിന്റെ വിധിയെന്താണ്? _ _ _ _ _ _ _ _ _ _ _ _ 26
23. തുടർച്ചയായി മൂത്രം വന്നു കൊണ്ടിരിക്കുന്ന വ്യക്തിക്ക് മസ്ജിദിൽ പ്രവേശിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ 27
24. ഖബറുകൾക്ക് മുകളിൽ വിസർജനം നടത്തുന്നതിന്റെ ഗൗരവം വിശദീകരിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ _ _ 28
25. പൊതുഇടങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതിന്റെ ഗൗരവം വിശദീകരിക്കാമോ? _ _ _ _ _ _ _ _ _ _ _ _ 29
26. നിന്നുകൊണ്ട് മൂത്രമൊഴിക്കുന്നതിന്റെ വിധിയെന്താണ്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 30
27. മൂത്രമൊഴിച്ചാൽ എത്ര തവണ വെള്ളം കൊണ്ട് കഴുകണം? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 31
28. മൂത്രമൊഴിച്ചാൽ വലതു കൈ കൊണ്ട് കഴുകുന്നതിന്റെ വിധിയെന്താണ്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 32
29. വിസർജന സ്ഥലത്ത് അധികം സമയം ചിലവഴിക്കുന്നതിന്റെ വിധിയെന്താണ്? _ _ _ _ _ _ _ _ _ _ _ _ _ _ _ _ _ 34
30. മലമൂത്ര വിസർജനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട മര്യാദകൾ ചുരുക്കി വിവരിക്കാമോ? _ _ _ _ _ _ _ _ _ _ _ _ _ 34

# വിസർജന മര്യാദകൾ

## 1. വിസർജനം ശുദ്ധീകരിക്കാൻ ഇസ്‌ലാമിൽ പഠിപ്പിക്കപ്പെട്ടിട്ടുള്ള വഴികൾ ഏതെല്ലാമാണ്?

മലമൂത്ര വിസർജനങ്ങൾ വൃത്തിയാക്കാൻ രണ്ട് വഴികൾ ഇസ്‌ലാമിൽ പഠിപ്പിക്കപ്പെട്ടിട്ടുണ്ട്.

**ഒന്ന്: ഇസ്തിൻജാഅ് (الاسْتِنْجَاءُ):** വെള്ളം കൊണ്ട് മല മൂത്ര വിസർജ്യങ്ങൾ ശുദ്ധീകരിക്കുന്നതിനാണ് പൊതുവെ ഇസ്തിൻജാഅ് എന്ന് പറയുക. മുറിച്ചു നീക്കുക എന്ന അർത്ഥമുള്ള 'നജ്‌വ്' (النَّجْوُ) എന്ന പദത്തിൽ നിന്നാണ് ഈ വാക്ക് വന്നിട്ടുള്ളത്. വെള്ളം കൊണ്ട് തന്റെ ശരീരത്തിലുള്ള മാലിന്യം മുറിച്ചു മാറ്റുന്നതു പോലെ ശുദ്ധീകരിക്കുന്നതിനാലാണ് ഈ പേര് പറയപ്പെട്ടത് എന്ന് അഭിപ്രായമുണ്ട്.

**രണ്ട്: ഇസ്തിജ്മാർ (الاسْتِجْمَارُ):** കല്ലു കൊണ്ടോ മറ്റോ മലമൂത്ര വിസർജ്യങ്ങൾ ശുദ്ധീകരിക്കുന്നതിനാണ് ഇസ്തിജ്മാർ എന്ന് പറയുക. കല്ലുകൾ എന്ന അർത്ഥമുള്ള 'ജിമാർ' (الجِمَارُ) എന്ന പദത്തിൽ നിന്നാണ് ഈ വാക്ക് വന്നിട്ടുള്ളത്.

## 2. വളരെ കുറച്ച് മൂത്രമേ ഉള്ളൂ എങ്കിൽ ശുദ്ധീകരിക്കൽ നിർബന്ധമാണോ?

മല മൂത്ര വിസർജനം എത്ര കുറച്ചാണെങ്കിലും ശുദ്ധീകരിക്കൽ നിർബന്ധമാണ്. അതായത് നജിസായ എന്തെങ്കിലും രണ്ട് ഗുഹ്യസ്ഥാനങ്ങളിലൂടെ പുറത്തു വന്നാൽ വെള്ളം കൊണ്ടോ, കല്ലു കൊണ്ടോ ശുദ്ധീകരിക്കുക എന്നത് നിർബന്ധമാണ്. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമാണ്.

മാലികീ മദ്ഹബിലെ പ്രസിദ്ധമായ അഭിപ്രായവും, ശാഫിഈ മദ്ഹബിലെയും, ഹമ്പലീ മദ്ഹബിലെയും അഭിപ്രായം ഇതാണ്. നബി -ﷺ- യുടെ ഹദീഥ് ഈ പറഞ്ഞതിനുള്ള തെളിവാണ്.

عَنْ عَائِشَةَ، أَنَّ رَسُولَ اللهِ -ﷺ- قَالَ: «إِذَا ذَهَبَ أَحَدُكُمْ إِلَى الْغَائِطِ، فَلْيَذْهَبْ مَعَهُ بِثَلَاثَةِ أَحْجَارٍ يَسْتَطِيبُ بِهِنَّ، فَإِنَّهَا تُجْزِئُ عَنْهُ»

ആഇശ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിലാരെങ്കിലും വിസർജന സ്ഥലത്തേക്ക് പോകുന്നെങ്കിൽ ശുദ്ധീകരിക്കാൻ മൂന്ന് (ചെറിയ) കല്ലുകൾ കയ്യിൽ എടുക്കട്ടെ. അത് അവന് പര്യാപ്തമാകുന്നതാണ്." (അബൂദാവൂദ്: 40, നസാഈ: 44, അഹ്മദ്: 25056, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

"കല്ലു കൊണ്ട് ശുദ്ധീകരിക്കുക എന്നത് അവന് പര്യാപ്തമാകുന്നതാണ്" എന്നതിന് സമാനമായ പ്രയോഗങ്ങൾ നിർബന്ധ കാര്യങ്ങളിലേ ഉപയോഗിക്കപ്പെടാറുള്ളൂ.

### 3. മലമൂത്ര വിസർജ്യം ശുദ്ധീകരിക്കാൻ സാധിക്കാത്ത വ്യക്തി എന്തു ചെയ്യണം?

സാധ്യമായ രൂപത്തിൽ മലമൂത്ര വിസർജനം സ്വയം തന്നെ വൃത്തിയാക്കാൻ പരിശ്രമിക്കേണ്ടതുണ്ട്. ഒരു നിലക്കും സ്വയം ശുദ്ധീകരിക്കാൻ കഴിയില്ലെങ്കിൽ ഗുഹ്യസ്ഥാനം നോക്കാൻ അനുവാദമുള്ളവരുടെ സഹായം തേടാവുന്നതാണ്. ഉദാഹരണത്തിന് ഭർത്താവിന് ഭാര്യയുടെയും, ഭാര്യക്ക് ഭർത്താവിന്റെയും സഹായം തേടാവുന്നതാണ്.

ഇപ്രകാരം ശുദ്ധീകരിക്കുക എന്നത് നിർബന്ധമാണെന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ഹനഫീ മദ്ഹബിന്റെയും, മാലികീ മദ്ഹബിന്റെയും, ഹമ്പലീ മദ്ഹബിന്റെയും അഭിപ്രായം ഇപ്രകാരമാണ്.

ഉപേക്ഷിക്കാൻ അനുവാദമില്ലാത്ത വാജിബാതുകൾ സാധ്യമാകുന്നിടത്തോളം മാത്രമേ ഒരാളുടെ മേൽ നിർബന്ധമാകൂ എന്നതാണ് ഇസ്‌ലാമിലെ അടിസ്ഥാനം. വാജിബായ ഒരു കാര്യം ഒരാൾക്ക് പൂർണ്ണമായി ചെയ്യാൻ സാധിക്കില്ലെങ്കിൽ കഴിയുന്നിടത്തോളം ചെയ്യേണ്ടതുണ്ട്. ഇനി അക്കാര്യം തീർത്തും സാധിക്കില്ലെന്നാണെങ്കിൽ അത് അവന്റെ മേൽ നിർബന്ധവുമല്ല. കാരണം അല്ലാഹു ഒരാളുടെ മേലും അസാധ്യമായത് ബാധ്യതയേൽപ്പിക്കുകയില്ല.

﴿فَٱتَّقُواْ ٱللَّهَ مَا ٱسۡتَطَعۡتُمۡ﴾ التغابن: ١٦

"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങ

ൾ സൂക്ഷിക്കുക.” (തഗാബുൻ: 16)

മേൽ പറഞ്ഞ ഈ അടിസ്ഥാനപ്രകാരം ഇവിടെയുള്ള ഉദാഹരണം പരിശോധിച്ചു നോക്കൂ. മല മൂത്ര വിസർജനം ശുദ്ധീകരിക്കുക എന്നത് നിർബന്ധമാണ്.

എന്നാൽ -രോഗമോ മറ്റോ കാരണത്താൽ- ഒരു നിലക്കും അയാൾക്ക് അതിന് സാധിക്കില്ലെങ്കിൽ തന്റെ ഔറത് കാണാൻ അനുവാദമുള്ള മറ്റൊരാളെ കൊണ്ട് ശുദ്ധീകരിപ്പിക്കാൻ അയാൾക്ക് സാധിക്കുമോ എന്ന് പരിശോധിക്കുക. അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ അപ്രകാരം ശുദ്ധീകരിക്കുക.

ഒരാളെയും ലഭിച്ചില്ലെങ്കിൽ വിസർജനം ശുദ്ധീകരിക്കുക എന്നത് അയാളുടെ മേൽ നിർബന്ധമില്ല എന്ന് മനസ്സിലാക്കാം.

## 4. മലമൂത്ര വിസർജനം ശുദ്ധീകരിക്കുമ്പോൾ നിയ്യത് വേണ്ടതുണ്ടോ?

മലമൂത്ര വിസർജനം ശുദ്ധീകരിക്കുന്നതിന് നിയ്യത് നിബന്ധനയില്ല. നാല് മദ്ഹബുകളും പൊതുവെ യോജിച്ച വിഷയമാണിത്. ഇക്കാര്യത്തിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമാണുള്ളത് എന്നു വരെ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇമാം മാവർദി -ﷺ- പറഞ്ഞു: “നജസ് നീക്കുന്നതിന് നിയ്യത് ആവശ്യമില്ലെന്നതിൽ പണ്ഡിതന്മാർ ഇജ്മാഇലായിരിക്കുന്നു.” (അൽ ഹാവീ അൽ-കബീർ: 1/87)

ഇബ്നു തൈമിയ്യ -ﷺ- പറയുന്നു: “മലമൂത്ര വിസർജനത്തി ൽ നിയ്യത് പരിഗണിക്കേണ്ടതുണ്ട് എന്ന ശാഫിഈ ഹമ്പലീ മദ്ഹബുകളിലെ ചിലരുടെ അഭിപ്രായം മുൻപ് സ്ഥിരപ്പെട്ടു കഴിഞ്ഞ ഇ ജ്മാഇന് വിരുദ്ധമാണ്. അതോടൊപ്പം മദ്ഹബിലെ ഇമാമീങ്ങളുടെ തന്നെ അഭിപ്രായത്തിനും അത് എതിരാകുന്നു.” (മജ്മൂഉൽ ഫതാവാ: 21/477)

## 5. മലവിസർജനം നടത്തിയാൽ എവിടെയെല്ലാം ശുദ്ധീകരിക്കണം?

മലം പുറത്തു വരുന്ന സ്ഥാനമായ മലദ്വാരവും, അതിന്റെ ചുറ്റു ഭാഗത്ത് മലം എത്തിയിട്ടുള്ള സ്ഥാനവും ശുദ്ധീകരിക്കുക എന്നതാണ് നിർബന്ധമായിട്ടുള്ളത്. എന്നാൽ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും -ഉദാഹരണത്തിന് തുടകൾക്കിടയിലോ മറ്റോ- വിസർജ്യം

ആയിട്ടുണ്ടെങ്കിൽ അവിടെയും ശുദ്ധീകരിക്കണം. നാല് മദ്ഹബുകളും പൊതുവെ യോജിച്ച അഭിപ്രായമാണിത്.

**6. മൂത്രം ഒഴിച്ചാൽ എവിടെയെല്ലാം ശുദ്ധീകരിക്കണം?**

മൂത്രം പുറത്തു വരുന്ന ഭാഗവും, മൂത്രം ആയ ഭാഗങ്ങളും മാത്രമാണ് കഴുകേണ്ടത്. ഉദാഹരണത്തിന് ലിംഗാഗ്ര ഭാഗങ്ങളിലോ, തുടയിലോ മറ്റോ മൂത്രമായിട്ടുണ്ടെങ്കിൽ മൂത്രം പുറത്തു വരുന്ന സ്ഥലത്തിനൊപ്പം അതു കൂടി കഴുകണം.

മൂത്രം ആയിട്ടില്ലെങ്കിൽ ലിംഗഗ്രന്ഥിയോ, ലിംഗം തന്നെ മുഴുവനായോ കഴുകുക എന്നത് നിർബന്ധമില്ല. കാരണം മലമൂത്ര വിസർജനം ശുദ്ധീകരിക്കുക എന്നത് നിർബന്ധമാക്കപ്പെട്ടത് നജസ് ശുദ്ധീകരിക്കുന്നതിനാണ്. അതിനാൽ നജസായ മൂത്രം ബാധിക്കാത്ത സ്ഥലം ശുദ്ധീകരിക്കുക എന്നത് നിർബന്ധമാവില്ല. നാല് മദ്ഹബുകളും പൊതുവെ യോജിച്ച അഭിപ്രായമാണിത്.

**7. മദ്‌യ് (രേതസ്സ്) പുറത്തു വന്നാൽ എങ്ങനെയാണ് ശുദ്ധീകരിക്കേണ്ടത്?**

ലൈംഗികതയെ കുറിച്ച് ചിന്തിക്കുകയോ, ലൈംഗികബന്ധം ഉദ്ദേശിക്കുകയോ ചെയ്യുമ്പോൾ ഗുഹ്യസ്ഥാനത്ത് നിന്ന് പുറപ്പെടുന്ന, പശിമയുള്ള, വെള്ള നിറത്തിലുള്ള ദ്രാവകമാണ് മദ്‌യ്.

മനിയ്യ് (ശുക്ലം) പുറപ്പെടുമ്പോൾ ഉണ്ടാകാറുള്ളതു പോലെ ആസ്വാദനമോ രതിമൂർച്ചയോ മദ്‌യ് പുറപ്പെടുമ്പോൾ ഉണ്ടായിക്കൊള്ളണമെന്നില്ല. മനിയ്യ് പുറപ്പെട്ടാൽ ശേഷം ക്ഷീണവും തളർച്ചയും ഉണ്ടാകാറുണ്ടെങ്കിൽ മദ്‌യ് പുറപ്പെട്ട ശേഷം അതുണ്ടാകുന്നതല്ല. ചിലപ്പോൾ മദ്‌യ് പുറത്തു പോകുന്നത് അറിഞ്ഞു കൊള്ളണമെന്ന് തന്നെയില്ല. പുരുഷനും സ്ത്രീക്കും മദ്‌യ് ഉണ്ടാകാമെങ്കിലും സ്ത്രീകളിലാണ് മദ്‌യ് കൂടുതലായി ഉണ്ടാവുക.

മദ്‌യ് വന്നാൽ നിർബന്ധമായും ശുദ്ധീകരിക്കണം. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം അതാണ്. മാലികീ, ശാഫിഈ, ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായവും ഇപ്രകാരമാണ്. അലി -ﷺ- നിവേദനം ചെയ്ത ഹദീഥാണ് ഈ വിഷയത്തിലെ തെളിവ്.

عَنْ عَلِيٍّ قَالَ: كُنْتُ رَجُلًا مَذَّاءً فَأَمَرْتُ رَجُلًا أَنْ يَسْأَلَ النَّبِيَّ -ﷺ- لِمَكَانِ ابْنَتِهِ، فَسَأَلَ فَقَالَ: «**تَوَضَّأْ وَاغْسِلْ ذَكَرَكَ**»

അലി -ﷺ- പറയുന്നു: ഞാൻ ധാരാളമായി മദ്‌യ് വന്നിരുന്ന വ്യക്തിയായിരുന്നു. നബി -ﷺ- യുടെ മകളുടെ സ്ഥാനം കാരണത്താൽ അവിടുത്തോട് ഇക്കാര്യത്തെ കുറിച്ച് ചോദിക്കാൻ ഞാനൊരാളെ ഏൽപ്പിച്ചു. [1]

അദ്ദേഹം ചോദിച്ചപ്പോൾ നബി -ﷺ- പറഞ്ഞു: "നീ വുദു എടുക്കുകയും, നിന്റെ ലൈംഗികാവയവം കഴുകുകയും ചെയ്യുക." (ബുഖാരി: 269, മുസ്‌ലിം: 303)

ഈ ഹദീഥിൽ ലൈംഗികാവയവം കഴുകാൻ നബി -ﷺ- കൽപ്പിച്ചിരിക്കുന്നു. മദ്‌യ് പുറത്തു വന്ന ഭാഗവും, അവിടെ നിന്ന് മദ്‌യ് പരന്നിട്ടുള്ള ഭാഗങ്ങളും നിർബന്ധമായും കഴുകണം എന്ന് ഈ ഹദീഥിൽ നിന്ന് മനസ്സിലാക്കാം. ഇക്കാര്യത്തിൽ പണ്ഡിതന്മാർക്ക് അഭിപ്രായവ്യത്യാസമില്ല.

എന്നാൽ മദ്‌യ് പുറത്തു വന്ന ഭാഗവും, മദ്‌യ് പരന്ന ഭാഗവും കഴുകുന്നതിനൊപ്പം ലൈംഗികാവയവം മുഴുവനായും കഴുകുകയും, വൃഷ്ണസഞ്ചികളടക്കം മുഴുവനായി വെള്ളമൊഴിച്ചു ശുദ്ധീകരിക്കുകയും ചെയ്യുക എന്നത് നിർബന്ധമാണോ എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. ബഹുഭൂരിപക്ഷവും അത് വേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടവരാണ്.

മദ്‌യ് വന്നാൽ ലൈംഗികാവയവം മുഴുവനായും കഴുകണമെന്നും, വൃഷ്ണസഞ്ചിയടക്കം ശുദ്ധീകരിക്കണമെന്നും അഭിപ്രായപ്പെട്ട ഒരു വിഭാഗം പണ്ഡിതന്മാരുമുണ്ട്. ഇമാ മാലിക്, ഇമാം അഹ്മദ് എന്നിവരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട അഭിപ്രായങ്ങളിൽ ഒന്ന് ഇപ്രകാരമാണ്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, ശൈഖ് ഇബ്നു ബാസ്, ശൈഖ് ഇബ്നു ഉഥൈമീൻ തുടങ്ങിയവർ ശരിയായി സ്വീകരിച്ച അഭിപ്രായവും, ലജ്നതുദ്ദാഇമയുടെ ഫത്‌വയും ഇപ്രകാരമാണ്.

عَنْ عَلِيِّ بْنِ أَبِي طَالِبٍ: قَالَ لِلْمِقْدَادِ ... فَقَالَ رَسُولُ اللهِ -ﷺ-: «**لِيَغْسِلْ ذَكَرَهُ وَأُنْثَيَيْهِ**»

അലി -ﷺ- വിന്റേതായി മേലെ നൽകിയ ഹദീഥിന്റെ നിവേദനങ്ങളിൽ ഒന്ന് ഈ അഭിപ്രായത്തെ പിന്താങ്ങുന്നു. പ്രസ്തുത ഹദീ

1 നബി -ﷺ- യുടെ മകൾ ഫാത്വിമ -ﷺ- യെ ആയിരുന്നല്ലോ അലി -ﷺ- വിവാഹം ചെയ്തിരുന്നത്. തന്റെ പത്നിയുടെ പിതാവിനോട് ലജ്ജാകരമായ ഒരു കാര്യം ചോദിക്കാൻ അദ്ദേഹം മടിച്ചുവെന്നാണ് ഉദ്ദേശം.

ഥിൽ നബി -ﷺ- പറഞ്ഞു: "(മദ്‌യ് വന്നാൽ) അയാൾ തന്റെ ലൈംഗികാവയവും തന്റെ വൃഷ്ണസഞ്ചികളും കഴുകട്ടെ." (അബൂദാവൂദ്: 208, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

عَنْ عَبْدِ اللهِ بْنِ سَعْدٍ الْأَنْصَارِيِّ قَالَ: سَأَلْتُ رَسُولَ اللهِ -ﷺ- ... عَنِ المَاءِ يَكُونَ بَعْدَ الْمَاءِ، فَقَالَ: «**ذَاكَ الْمَذْيُ، وَكُلُّ فَحْلٍ يَمْذِي، فَتَغْسِلُ مِنْ ذَلِكَ فَرْجَكَ وَأُنْثَيَيْكَ، وَتَوَضَّأْ وُضُوءَكَ لِلصَّلَاةِ**»

അബ്ദുല്ലാഹി ബ്നു സഅ്ദ് അൽ അൻസ്വാരി -رضي الله عنه- വിന്റെ ഹദീഥും ഈ വിഷയത്തിൽ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: ഞാൻ നബി -ﷺ- യോട് തുടരെത്തുടരെ വരുന്ന വെള്ളത്തെ കുറിച്ച് ചോദിച്ചു.

അപ്പോൾ അവിടുന്ന് പറഞ്ഞു: "അത് മദ്‌യാണ്. എല്ലാ പുരുഷന്മാർക്കും മദ്‌യ് ഉണ്ടാകുന്നതാണ്. [1] അങ്ങനെ വന്നാൽ നിന്റെ ലൈംഗികാവയവവും വൃഷ്ണങ്ങളും കഴുകുക. അതോടൊപ്പം നിസ്കാരത്തിന് വേണ്ടി ചെയ്യുന്നത് പോലെ വുദു എടുക്കുകയും ചെയ്യുക." (അബൂദാവൂദ്: 211, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

### 8. മദ്‌യ് (രേതസ്സ്) കല്ലോ ടവ്വലോ കൊണ്ട് തുടച്ചാൽ മതിയാകുമോ?

മദ്‌യ് ശുദ്ധീകരിക്കാൻ കല്ലു കൊണ്ട് ഇസ്തിജ്മാർ ചെയ്താൽ മതിയാകുമോ എന്നതിൽ പണ്ഡിതർക്ക് അഭിപ്രായവ്യത്യാസമുണ്ട്.

**ഒന്നാമത്തെ അഭിപ്രായം:** മദ്‌യ് ലിംഗാഗ്രത്തിൽ നിന്ന് മറ്റിടങ്ങളിലേക്ക് പരന്നിട്ടില്ലെങ്കിൽ കല്ലു കൊണ്ട് മദ്‌യ് തുടക്കുന്നത് മതിയാകുന്നതാണ്. ഹനഫീ മദ്ഹബിന്റെയും, ഹമ്പലീ മദ്ഹബിന്റെയും അഭിപ്രായം ഇതാണ്. മാലികി, ശാഫിഈ മദ്ഹബുകളിലും ഇപ്രകാരം അഭിപ്രായമുണ്ട്. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ -رحمه الله- സ്വീകരിച്ച അഭിപ്രായം ഇതാണ്.

عَنْ عَائِشَةَ، أَنَّ رَسُولَ اللهِ -ﷺ- قَالَ: «**إِذَا ذَهَبَ أَحَدُكُمْ إِلَى الْغَائِطِ، فَلْيَذْهَبْ مَعَهُ بِثَلَاثَةِ أَحْجَارٍ يَسْتَطِيبُ بِهِنَّ، فَإِنَّهَا تُجْزِئُ عَنْهُ**»

ആഇശ -رضي الله عنها- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിലാരെങ്കി

---

1 പുരുഷന്മാർക്ക് മാത്രമേ മദ്‌യ് ഉണ്ടാകൂ എന്ന് ഈ ഹദീഥ് അറിയിക്കുന്നില്ല. (ബദ്‌ലുൽ മജ്ഹൂദ്: 2/168).

ലും വിസർജന സ്ഥലത്തേക്ക് പോകുന്നെങ്കിൽ ശുദ്ധീകരിക്കാൻ മൂന്ന് (ചെറിയ) കല്ലുകൾ കയ്യിൽ എടുക്കട്ടെ. അത് അവന് പര്യാപ്തമാകുന്നതാണ്." (അബൂദാവൂദ്: 40, നസാഈ: 44, അഹ്മദ്: 25056, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

ഈ ഹദീഥാണ് മദ്‌യ് ശുദ്ധീകരിക്കുന്നതിനും കല്ലു കൊണ്ട് ശുദ്ധീകരിച്ചാൽ മതിയെന്നതിനുള്ള തെളിവായി പറയപ്പെട്ടത്. വിസർജനം ശുദ്ധീകരിക്കുന്നതിന് കല്ലു കൊണ്ട് ഇസ്തിജ്മാർ ചെയ്താൽ മതിയാകുന്നതാണ് എന്ന ഹദീഥിലെ ഇളവ് എല്ലാ കാര്യത്തിലും ബാധകമാണ് എന്നതാണ് ഈ അഭിപ്രായം സ്വീകരിച്ചവരുടെ ന്യായം.

**രണ്ടാമത്തെ അഭിപ്രായം:** മദ്‌യ് ശുദ്ധീകരിക്കാൻ വെള്ളം തന്നെ ഉപയോഗിക്കുക എന്നത് നിർബന്ധമാണ്. മാലികീ മദ്ഹബിലെ അഭിപ്രായം ഇപ്രകാരമാണ്. ശാഫിഈ മദ്ഹബിൽ പ്രബലമായി കണക്കാക്കപ്പെടുന്ന അഭിപ്രായവും ഇപ്രകാരം തന്നെ. ശൈഖ് ഇബ്നു ഉഥൈമീൻ -ﷺ- ഈ അഭിപ്രായം ശരിയായി സ്വീകരിച്ചിട്ടുണ്ട്.

عَنْ عَلِيٍّ قَالَ: كُنْتُ رَجُلًا مَذَّاءً فَأَمَرْتُ رَجُلًا أَنْ يَسْأَلَ النَّبِيَّ -ﷺ- لِمَكَانِ ابْنَتِهِ، فَسَأَلَ فَقَالَ: «**تَوَضَّأْ وَاغْسِلْ ذَكَرَكَ**»

അലി -رضي الله عنه- പറയുന്നു: ഞാൻ ധാരാളമായി മദ്‌യ് വന്നിരുന്ന വ്യക്തിയായിരുന്നു. നബി -ﷺ- യുടെ മകളുടെ സ്ഥാനം കാരണത്താൽ അവിടുത്തോട് ഇക്കാര്യത്തെ കുറിച്ച് ചോദിക്കാൻ ഞാനൊരാളെ ഏൽപ്പിച്ചു. അദ്ദേഹം ചോദിച്ചപ്പോൾ നബി -ﷺ- പറഞ്ഞു: "നീ വുദു എടുക്കുകയും, നിന്റെ ലൈംഗികാവയവം കഴുകുകയും ചെയ്യുക." (ബുഖാരി: 269, മുസ്‌ലിം: 303)

മദ്‌യ് ശുദ്ധീകരിക്കുന്നതിന് കല്ലു കൊണ്ട് തുടച്ചാൽ മതിയാകില്ലെന്ന അഭിപ്രായത്തിനുള്ള തെളിവായി ഈ ഹദീഥ് പറയപ്പെട്ടിരിക്കുന്നു. ലൈംഗികാവയവം കഴുകണമെന്ന നബി -ﷺ- യുടെ കൽപ്പന വെള്ളം തന്നെ ഉപയോഗിക്കുക എന്നത് നിർബന്ധമാണെന്ന് അറിയിക്കുന്നു എന്നതാണ് ന്യായം.

അതോടൊപ്പം മദ്‌യ് ശുദ്ധീകരിക്കുന്നതിൽ കേവലം നജസ് വൃത്തിയാക്കുക എന്ന ഉദ്ദേശം മാത്രമല്ല ഉള്ളത്; അതിനാലാണ് മദ്‌യ് വന്നാൽ വൃഷ്ണങ്ങൾ കൂടെ കഴുകണമെന്ന കൽപ്പന നബി -ﷺ- നൽകിയത് എന്നും ശൈഖ് ഇബ്നു ഉഥൈമീൻ -رحمه الله- വിശദീകരിച്ചിട്ടുണ്ട്.

മദ്യ് കല്ലു കൊണ്ട് ശുദ്ധീകരിക്കുന്നത് ശരിയാകില്ല എന്നാണ് ഈ ഹദീഥുകളുടെ വെളിച്ചത്തിൽ മനസ്സിലാകുന്നത്. ഇതേ കാരണത്താൽ ടവ്വലോ മറ്റോ കൊണ്ട് മദ്യ് തുടക്കുന്നതും ശരിയാവുന്നതല്ല എന്നാണ് മനസ്സിലാകുന്നത്. വല്ലാഹു അഅ്ലം.

## 9. വദ്യ് എങ്ങനെയാണ് ശുദ്ധീകരിക്കേണ്ടത്?

മൂത്രമൊഴിച്ച ശേഷം -ചിലർക്ക്- വന്നേക്കാവുന്ന, പശിമയുള്ള ഒരുതരം സ്രവമാണ് വദ്യ്. ഇത് വെള്ളം കൊണ്ട് കഴുകിയോ, കല്ലു കൊണ്ട് തുടച്ചോ ശുദ്ധീകരിക്കുക എന്നത് നിർബന്ധമാണ്.

കാരണം മൂത്രം പോലെ തന്നെ നജിസായ വസ്തുവാണ് വദ്യും. മൂത്രം പുറത്തു വരുന്നിടത്തു കൂടെ, മൂത്രനാളിയിലൂടെ തന്നെയാണ് വദ്യും പുറപ്പെടുന്നത്. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമാകുന്നു. മാലികീ, ശാഫിഈ, ഹമ്പലീ മദ്ഹബുകളുടെ അഭിപ്രായവും ഇതു തന്നെ.

## 10. കീഴ്ശ്വാസം വന്നാൽ നിസ്കാരത്തിന് മുൻപ് ഗുഹ്യസ്ഥാനം ശുദ്ധീകരിക്കണമോ?

കീഴ്ശ്വാസം വന്നാൽ ഗുഹ്യസ്ഥാനം ശുദ്ധീകരിക്കേണ്ടതില്ല. നാല് കർമ്മശാസ്ത്ര മദ്ഹബുകളുടെയും അഭിപ്രായം ഇപ്രകാരമാണ്. ഈ വിഷയത്തിൽ ഏകാഭിപ്രായം ആണുള്ളത് എന്ന് ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുമുണ്ട്.

കാരണം ഗുഹ്യസ്ഥാനങ്ങൾ ശുദ്ധീകരിക്കേണ്ടത് എപ്പോഴാണെന്നതിനുള്ള അടിസ്ഥാനം ഖുർആനിലോ സുന്നത്തിലോ സ്ഥിരപ്പെടേണ്ടതുണ്ട്. അതുമല്ലെങ്കിൽ പണ്ഡിതന്മാരുടെ ഇജ്മാഅ് സ്ഥിരപ്പെടേണ്ടതുണ്ട്. നബി -ﷺ- യിൽ നിന്നോ സ്വഹാബത്തിൽ നിന്നോ ഇപ്രകാരം ഒരു പ്രവർത്തി സ്ഥിരപ്പെടുകയോ, അവിടുന്ന് അപ്രകാരം കൽപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ കീഴ്ശ്വാസം വന്നതിന് ശേഷം ഗുഹ്യസ്ഥാനം ശുദ്ധീകരിക്കുക എന്നത് ചെയ്യേണ്ടതില്ല.

قَالَ الإِمَامُ أَحْمَدُ: لَيْسَ فِي الرِّيحِ اسْتِنْجَاءٌ، فِي كِتَابِ اللهِ وَلَا فِي سُنَّةِ رَسُولِهِ.
[كشاف القناع للبهوتي: ٧٠/١]

ഇമാം അഹ്മദ് -رحمه الله- പറഞ്ഞു: "കീഴ്ശ്വാസം വന്നതിന്റെ പേരിൽ ഗുഹ്യസ്ഥാനം ശുദ്ധീകരിക്കേണ്ടതില്ല. അല്ലാഹുവിന്റെ ഖുർആനി

ലോ നബി -ﷺ- യുടെ സുന്നത്തിലോ അപ്രകാരം വന്നിട്ടില്ല.” (കശ്ശാഫുൽ ഖനാഅ് / ബഹൂതി: 1/70)

### 11. തുടർച്ചയായി വുദു നഷ്ടപ്പെടുന്നവർ എന്താണ് ചെയ്യേണ്ടത്?

തുടർച്ചയായി വുദു നഷ്ടപ്പെടുക എന്ന അവസ്ഥ ചിലരെ ബാധിക്കാറുണ്ട്. ഇത്തരക്കാർ തങ്ങളുടെ വസ്ത്രത്തിലും ശരീരത്തിലും ഇടപഴകുന്ന സ്ഥലത്തും നജസ് ആകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുക എന്നത് നിർബന്ധമാണ്.

ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും നിർദേശം ഇപ്രകാരമാകുന്നു. മാലികീ മദ്ഹബിലെയും, ശാഫിഈ മദ്ഹബിലെയും, ഹനഫീ മദ്ഹബിലെയും അഭിപ്രായമാണിത്. നബി -ﷺ- യുടെ ഹദീഥ് ഈ പറഞ്ഞതിനുള്ള തെളിവാണ്.

عَنْ حَمْنَةَ بِنْتِ جَحْشٍ قَالَتْ: كُنْتُ أُسْتَحَاضُ حَيْضَةً كَثِيرَةً شَدِيدَةً، فَأَتَيْتُ رَسُولَ اللهِ -ﷺ- أَسْتَفْتِيهِ وَأُخْبِرُهُ، فَوَجَدْتُهُ فِي بَيْتِ أُخْتِي زَيْنَبَ بِنْتِ جَحْشٍ فَقُلْتُ: يَا رَسُولَ اللهِ، إِنِّي امْرَأَةٌ أُسْتَحَاضُ حَيْضَةً كَثِيرَةً شَدِيدَةً، فَمَا تَرَى فِيهَا قَدْ مَنَعَتْنِي الصَّلَاةَ وَالصَّوْمَ. فَقَالَ: «**أَنْعَتُ لَكِ الْكُرْسُفَ، فَإِنَّهُ يُذْهِبُ الدَّمَ**»، قَالَتْ: هُوَ أَكْثَرُ مِنْ ذَلِكَ، قَالَ: «**فَاتَّخِذِي ثَوْبًا**»

ഹംനഃ ബിൻത് ജഹ്ശ് -رضي الله عنها- പറയുന്നു: എനിക്ക് വളരെ കടുത്ത രൂപത്തിൽ രക്തസ്രാവം സംഭവിക്കാറുണ്ടായിരുന്നു. അങ്ങനെ ഈ വിഷയം അവിടുത്തെ അറിയിക്കാനും, ഇതിലെ മതവിധി ചോദിച്ചറിയാനുമായി ഞാൻ നബി -ﷺ- യുടെ അരികിൽ ചെന്നു.

എന്റെ സഹോദരിയായ സയ്നബ് ബിൻത് ജഹ്ശിന്റെ വീട്ടിൽ നബി -ﷺ- യെ ഞാൻ കണ്ടെത്തി. ഞാൻ പറഞ്ഞു: “അല്ലാഹുവിന്റെ റസൂലേ! ധാരാളമായി, വളരെ കടുത്ത രക്തസ്രാവം ഉണ്ടാകുന്ന സ്ത്രീയാണ് ഞാൻ. എന്റെ നിസ്കാരവും നോമ്പും ഇതിനാൽ തടസ്സപ്പെട്ടിരിക്കുന്നു. എന്താണ് ഞാൻ ചെയ്യേണ്ടതായി താങ്കൾ പറയുന്നത്?”

നബി -ﷺ- പറഞ്ഞു: “നീ പരുത്തി ഉപയോഗിക്കുക; അത് രക്തം ഒഴിവാക്കുന്നതാണ്.” അവർ പറഞ്ഞു: “(പരുത്തി കൊണ്ട് നിൽക്കാത്തത്ര) കൂടുതലുണ്ട് രക്തം.”

അപ്പോൾ നബി -ﷺ- പറഞ്ഞു: “എങ്കിൽ നീ ഒരു വസ്ത്രം ഉപ

യോഗിക്കുക.” (അബൂദാവൂദ്: 287, തിർമിദി: 128, ഇബ്നു മാജ: 622, ശൈഖ് അൽബാനി ഹസൻ എന്ന് വിലയിരുത്തി.)

നിരന്തരമായി രക്തസ്രാവം സംഭവിക്കുന്ന സ്ത്രീയോട് അവരുടെ രക്തം പരക്കാതിരിക്കാൻ പരുത്തിയോ വസ്ത്രമോ ഉപയോഗിക്കാൻ നബി -ﷺ- ഈ ഹദീഥിൽ കൽപ്പന നൽകുന്നു. നജസ് പിടിച്ചു വെക്കാൻ ശ്രമിക്കുക എന്നത് നിർബന്ധമാണെന്ന് നബി -ﷺ-യുടെ ഈ കൽപ്പന ബോധ്യപ്പെടുത്തുന്നുണ്ട്.

തുടർച്ചയായി വുദു നഷ്ടപ്പെടുക എന്ന അവസ്ഥ ബാധിക്കുന്നതിന് പല ഉദാഹരണങ്ങളുണ്ട്.

ഹദീഥിൽ പരാമർശിക്കപ്പെട്ടത് സ്ത്രീകളെ മാത്രം ബാധിക്കുന്ന ഒരു രൂപമാണ്. ആർത്തവ കാലത്തല്ലാതെ, നിരന്തരമായി രക്തസ്രാവം സംഭവിക്കുന്ന ഈ അവസ്ഥക്ക് ഇസ്തിഹാദ്വ (الاسْتِحَاضَةُ) എന്നാണ് പറയുക.

ഇസ്തിഹാദ്വതുള്ളവർ തങ്ങളുടെ വസ്ത്രത്തിലും ശരീരത്തിലും ഇടപഴകുന്ന സ്ഥലങ്ങളിലും രക്തം ആകാതിരിക്കാൻ സാധ്യമാകുന്നിടത്തോളം ശ്രദ്ധ പുലർത്തേണ്ടതുണ്ട്. അതിനായി കോട്ടൺ കൊണ്ടുള്ള തുണിയോ പാഡോ പോലുള്ളവ രക്തം വരുന്നിടത്ത് വെക്കുകയാണ് വേണ്ടത്.

തുടർച്ചയായി മൂത്രം ഇറ്റിക്കൊണ്ടേയിരിക്കുകയോ ഇടക്കിടക്കായി മൂത്രം വന്നു കൊണ്ടേയിരിക്കുകയോ ചെയ്യുന്ന, മൂത്രവാർച്ചയുടെ രോഗം ബാധിച്ചവർ സമാനമായ അവസ്ഥയിൽ അകപ്പെട്ടവരാണ്. തുടർച്ചയായി മദ്‌യ് (രേതസ്സ്) വന്നു കൊണ്ടേയിരിക്കുന്നവരും ഇതു പോലെ തന്നെ.

ഇത്തരക്കാർ -സാധിക്കുമെങ്കിൽ- വെള്ളം പിടിച്ചെടുക്കുന്ന രൂപത്തിലുള്ള തുണിക്കഷ്ണമോ മറ്റോ ലിംഗാഗ്രഭാഗത്ത് വെക്കുകയും, മൂത്രമോ മദ്‌യോ പോലുള്ള നജസുകൾ ശരീരത്തിലും വസ്ത്രത്തിലും പരക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. സാധ്യമാകുന്നിടത്തോളം ഇപ്രകാരം ചെയ്യുക എന്നത് നിർബന്ധമാണ്.

എന്നാൽ എന്തെങ്കിലും കാരണവശാൽ -മൂലക്കുരുവോ മറ്റെന്തെങ്കിലും മുറിവുകളോ കാരണത്താൽ- അതിന് സാധിക്കുന്നില്ലെങ്കിൽ ഇപ്രകാരം ചെയ്യുന്നത് അവരുടെ മേൽ നിർബന്ധമാവുകയില്ല. അവർ നിസ്കാരത്തിന് മുൻപ് നജസായ ഭാഗം ശുദ്ധീകരിക്കുകയും, വുദു എടുക്കുകയും, നിസ്കരിക്കുകയുമാണ് വേണ്ടത്.

വുദു എടുത്തതിന് ശേഷം -നിസ്കാരം പൂർത്തീകരിക്കുന്നത് വരെ- പിന്നീട് നജസ് വരുന്നത് കാര്യമാക്കേണ്ടതില്ല. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിധിവിലക്കുകൽ വുദുവിന്റെ അദ്ധ്യായത്തിൽ ഉൾപ്പെടുത്തുന്നതാണ്. -ഇൻശാ അല്ലാഹ്-.

## 12. മൂത്രം ശുദ്ധീകരിച്ച ശേഷം മാത്രമേ വുദു എടുക്കാവൂ എന്നുണ്ടോ?

മല വിസർജനം നടത്തുകയോ, മൂത്രമൊഴിക്കുകയോ ചെയ്ത ശേഷം അവ ശുദ്ധീകരിക്കുന്നതിന് മുൻപ് വുദു എടുക്കുന്നത് അനുവദനീയമാണ്. ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമാകുന്നു. ഹനഫീ മദ്ഹബിലെയും, മാലികീ മദ്ഹബിലെയും, ശാഫിഈ മദ്ഹബിലെയും അഭിപ്രായം ഇതാണ്. ഇമാം അഹ്മദിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട അഭിപ്രായങ്ങളിൽ ഒന്നും ഇപ്രകാരമാണ്.

എന്നാൽ വുദു എടുക്കുന്നതിന് മുൻപ്, ആദ്യം മല മൂത്ര വിസർജ്യങ്ങൾ ശുദ്ധീകരിക്കുന്നതാണ് കൂടുതൽ നല്ലതും സൂക്ഷ്മതയുള്ളതും എന്നതിൽ സംശയമില്ല.

വുദുവിന് മുൻപ് മല മൂത്ര വിസർജ്യം ശുദ്ധീകരിക്കുന്നത് നിർബന്ധമില്ല എന്ന അഭിപ്രായമാണ് ശരി എന്ന് പറയുന്നതിനുള്ള കാരണങ്ങൾ ഇവയാണ്:

1- വുദുവിന് മുൻപ് മല മൂത്ര വിസർജ്യങ്ങൾ ശുദ്ധീകരിക്കുക എന്നത് നിർബന്ധമാണ് എന്നറിയിക്കുന്ന തെളിവുകളുടെ അഭാവം.

2- നിസ്കാരം ശരിയാകാനുള്ള നിബന്ധനകളിൽ (ശുറൂത്വുസ്വലാത്) നജസ് ശുദ്ധീകരിക്കണം എന്നത് ഉണ്ടെങ്കിലും, അത് വുദുവിന് മുൻപായിരിക്കണം എന്നില്ല.

3- നജസ് നീങ്ങുക എന്നതാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. നിസ്കാരത്തിന് മുൻപ് എപ്പോൾ നജസ് ശുദ്ധീകരിച്ചാലും അത് ശരിയാകുന്നതാണ്. ഉദാഹരണത്തിന് വുദുവെടുത്ത ശേഷം ഒരാളുടെ വയറ്റിന് മുകളിൽ നജസ് കാണപ്പെടുകയും, അത് അയാൾ വുദുവിന് ശേഷം ശുദ്ധീകരിക്കുകയും ചെയ്താൽ അയാളുടെ നിസ്കാരം ശരിയാണ്. ഇതു പോലെ തന്നെയാണ് ഗുഹ്യസ്ഥാനങ്ങളിലൂടെ വന്ന നജസിന്റെ കാര്യവും.

**13. വിസർജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ എന്താണ് ചൊല്ലേണ്ടത്?**

വിസർജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ താഴെ നൽകിയത് പ്രകാരം ചൊല്ലൽ സുന്നത്താണ്:

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الخُبُثِ وَالخَبَائِثِ»

(അർത്ഥം: അല്ലാഹുവേ! ആൺപിശാചുക്കളിൽ നിന്നും പെൺപിശാചുക്കളിൽ നിന്നും ഞാൻ നിന്നോട് രക്ഷചോദിക്കുന്നു.)

عَنْ أَنَسٍ قَالَ: كَانَ النَّبِيُّ -ﷺ- إِذَا أَرَادَ أَنْ يَدْخُلَ الخَلَاءَ قَالَ: «**اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الخُبُثِ وَالخَبَائِثِ**»

അനസ് -رضي الله عنه- നിവേദനം: നബി -ﷺ- വിസർജന സ്ഥലത്തേക്ക് പ്രവേശിക്കാൻ ഉദ്ദേശിക്കുമ്പോൾ ഇപ്രകാരം പറയാറുണ്ടായിരുന്നു.

«اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الخُبُثِ وَالخَبَائِثِ»

"അല്ലാഹുവേ! ആൺപിശാചുക്കളിൽ നിന്നും പെൺപിശാചുക്കളിൽ നിന്നും ഞാൻ നിന്നോട് രക്ഷചോദിക്കുന്നു." (ബുഖാരി: 142, മുസ്‌ലിം: 375)

ഈ പ്രാർത്ഥന വിശദീകരിച്ചു കൊണ്ട് ശൈഖ് ഇബ്നു ബാസ് -رحمه الله- പറഞ്ഞു: "ഹദീഥിൽ പരാമർശിക്കപ്പെട്ട خُبُثِ എന്ന പദം ബാഇന് സുകൂൻ നൽകിക്കൊണ്ട് خُبْثِ എന്നും വായിക്കാം; ബാഇന് ദ്വമ്മ് നൽകിക്കൊണ്ട് خُبُثِ എന്നും വായിക്കാം. ഇതിലേതും പറയാവുന്നതാണ്.

എല്ലാ തിന്മകളിൽ നിന്നും, മോശമായ പ്രവർത്തനങ്ങളിൽ നിന്നും ഈ പ്രാർത്ഥനയിലൂടെ ഒരാൾ അല്ലാഹുവിനോട് രക്ഷ ചോദിക്കുന്നു. ആൺപിശാചുക്കളിൽ നിന്നും പെൺപിശാചുക്കളിൽ നിന്നും രക്ഷചോദിക്കലാണ് പ്രാർത്ഥനയുടെ ഉദ്ദേശം എന്നും ചില പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

വെളിപ്രദേശങ്ങളിലോ മറ്റോ ആണെങ്കിൽ വിസർജനം ഉദ്ദേശിച്ചാലാണ് ഈ പ്രാർത്ഥന ചൊല്ലേണ്ടത്. എന്നാൽ വിസർജനത്തിനായി നിശ്ചയിക്കപ്പെട്ട (ടോയിലറ്റ് പോലുള്ള) സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിന് മുൻപാണ് പ്രാർത്ഥന ചൊല്ലേണ്ടത്; ശേഷമല്ല." (മജ്മൂഉ ഫതാവാ: 10/29)

**14. വിസർജന സ്ഥലത്ത് നിന്ന് പുറത്തു വരുമ്പോൾ ചൊല്ലേണ്ടത് എന്താണ്?**

വിസർജനസ്ഥലത്ത് നിന്ന് പുറത്തു വരുമ്പോൾ ഇപ്രകാരമാണ് പറയേണ്ടത്.

«غُفْرَانَكَ»

(അർത്ഥം: (അല്ലാഹുവേ!) നിന്നോട് ഞാൻ പൊറുക്കൽ തേടുന്നു.)

عَنْ عَائِشَةَ قَالَتْ: كَانَ النَّبِيُّ -ﷺ- إِذَا خَرَجَ مِنَ الْخَلَاءِ، قَالَ: «غُفْرَانَكَ»

ആഇശ -رضي الله عنها- നിവേദനം: നബി -ﷺ- വിസർജനസ്ഥലത്ത് നിന്ന് പുറത്തു വന്നാൽ ഇപ്രകാരം പറയുമായിരുന്നു:

«غُفْرَانَكَ»

ശൈഖ് ഇബ്നു ഉഥൈമീൻ -رحمه الله- പറയുന്നു: "വിസർജന സ്ഥലത്ത് നിന്ന് പുറത്തിറങ്ങിയതിന് ശേഷമാണ് ഇത് ചൊല്ലേണ്ടത്. വെളിപ്രദേശത്താണെങ്കിൽ അവൻ ഇരുന്ന് മൂത്രമൊഴിച്ച സ്ഥലത്ത് നിന്ന് മാറിയാൽ ഈ പ്രാർത്ഥന ചൊല്ലുകയാണ് വേണ്ടത്." (ശർഹുൽ മുംതിഅ്: 1/104-105)

മല മൂത്ര വിസർജനം കഴിഞ്ഞ ശേഷം അല്ലാഹുവിനോട് പൊറുക്കൽ തേടുന്നതിന്റെ പിന്നിലുള്ള യുക്തിയെന്താണ് എന്നതിൽ പണ്ഡിതന്മാർക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്.

ചിലർ പറഞ്ഞു: ഭക്ഷണവും വെള്ളവും കഴിക്കാൻ അല്ലാഹു സൗകര്യം നൽകിയതിനൊപ്പം, അതിന്റെ അവിശിഷ്ടങ്ങൾ പുറത്തു പോകുന്നത് വരെ ആ ഭക്ഷണപാനീയങ്ങൾ ശരീരത്തിന് ശക്തി പകർന്നു കൊണ്ട് അല്ലാഹു നിലനിർത്തി. ഇതിനെല്ലാം പൂർണ്ണമായ രൂപത്തിൽ നന്ദിയർപ്പിക്കാൻ മനുഷ്യർക്ക് സാധ്യമേയല്ല.

അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിന് അനുയോജ്യമായ നിലക്ക് നന്ദിയർപ്പിക്കാൻ കഴിയുന്നില്ല എന്ന കുറവ് തിരിച്ചറിഞ്ഞു കൊണ്ടെന്നോണമാണ് ഈ സന്ദർഭത്തിൽ അല്ലാഹുവിനോട് പൊറുക്കൽ ചോദിക്കുന്നത്. വല്ലാഹു അഅ്ലം. (ശർഹു ഹിസ്വ്നിൽ മുസ്ലിം: 65)

**15. വിസർജനസ്ഥലത്തേക്ക് ഇടതു കാൽ വെച്ചു കൊണ്ട് പ്രവേശിക്കണം എന്നതിനുള്ള തെളിവെന്താണ്?**

വിസർജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ഇടതു കാൽ ആദ്യം വെക്കുന്നത് മുസ്തഹബ്ബ് (പ്രോത്സാഹനീയം) ആണ്. അവിടെ നിന്ന് പുറത്തു വരുമ്പോൾ വലതു കാൽ ആദ്യം പുറത്തേക്ക് വെക്കുന്നതും ഇതു പോലെ തന്നെ.

നാല് മദ്ഹബുകളും പൊതുവെ ഇക്കാര്യത്തിൽ യോജിച്ചിരിക്കുന്നു. പൊതുവെ പണ്ഡിതന്മാരുടെ ഏകാഭിപ്രായം ഇക്കാര്യത്തിൽ ഉള്ളതായി ഇമാം നവവി -ﷺ- രേഖപ്പെടുത്തിയിട്ടുണ്ട്.

ഇസ്‌ലാമിലെ നിയമങ്ങളിലെ പൊതുരൂപമാണ് ഈ അഭിപ്രായത്തിനുള്ള തെളിവ്. ഇടതും വലതും ഒരു പോലെ ഉപയോഗിക്കാവുന്ന കാര്യങ്ങളിൽ നല്ല കാര്യങ്ങൾക്ക് വലതും, മോശം കാര്യങ്ങൾക്ക് ഇടതും ആദ്യം ഉപയോഗിക്കുക എന്നത് പൊതു അടിസ്ഥാനമാണ്. വുദുവിലും ജനാബത്തിൽ നിന്നുള്ള കുളിയിലും മറ്റുമെല്ലാം ഇക്കാര്യം കാണാൻ കഴിയും. ഇവിടെയും ഇതേ നിയമമാണ് ബാധകമായിട്ടുള്ളത്.

**16. മലമൂത്ര വിസർജനത്തിനിടെ ബാങ്കിന് ഉത്തരം നൽകാമോ?**

മലമൂത്ര വിസർജനത്തിനിടെ നാവ് കൊണ്ട് അല്ലാഹുവിനെ സ്മരിക്കുന്ന ദിക്റുകൾ ചൊല്ലുന്നത് വെറുക്കപ്പെട്ട മക്റൂഹായ കാര്യമാണ്. അദാൻ (ബാങ്ക്) കേൾക്കുമ്പോൾ അതിന് ഉത്തരം നൽകുന്നതും ഈ പറഞ്ഞതിൽ ഉൾപ്പെടുന്നതാണ്.

ആരെങ്കിലും സലാം പറഞ്ഞാൽ അതിന് മറുപടി നൽകുക, തുമ്മിയ വ്യക്തി അൽഹംദുലില്ലാഹ് എന്ന് പറഞ്ഞാൽ അതിന് പകരം പ്രാർത്ഥിക്കുക പോലുള്ള കാര്യങ്ങളും ഇതു പോലെ തന്നെ. ഇക്കാര്യത്തിൽ നാല് മദ്ഹബുകളും പൊതുവെ ഏകാഭിപ്രായമുള്ളവരാണ്.

عَنِ ابْنِ عُمَرَ: «أَنَّ رَجُلًا مَرَّ وَرَسُولُ اللهِ -ﷺ- يَبُولُ، فَسَلَّمَ، فَلَمْ يَرُدَّ عَلَيْهِ»

ഇബ്നു ഉമർ -رضي الله عنه- നിവേദനം: "നബി -ﷺ- മൂത്രമൊഴിച്ചു കൊണ്ടിരിക്കെ ഒരാൾ അവിടുത്തേക്ക് സലാം പറഞ്ഞു. എന്നാൽ നബി -ﷺ- അയാളുടെ സലാം മടക്കിയില്ല." (മുസ്ലിം: 370)

عَنِ الْمُهَاجِرِ بْنِ قُنْفُذٍ أَنَّهُ سَلَّمَ عَلَى رَسُولِ اللهِ -ﷺ- وَهُوَ يَتَوَضَّأُ، فَلَمْ يَرُدَّ عَلَيْهِ

حَتَّى تَوَضَّأَ فَرَدَّ عَلَيْهِ وَقَالَ: «إِنَّهُ لَمْ يَمْنَعْنِي أَنْ أَرُدَّ عَلَيْكَ إِلَّا أَنِّي كَرِهْتُ أَنْ أَذْكُرَ اللهَ إِلَّا عَلَى طَهَارَةٍ»

മുഹാജിർ ബ്നു ഖുൻഫുദ് -ﷺ- നിവേദനം: നബി -ﷺ- വുദു എടുത്തു കൊണ്ടിരിക്കെ അദ്ദേഹം റസൂലുല്ലയോട് -ﷺ- സലാം പറഞ്ഞു. എന്നാൽ നബി -ﷺ- വുദു എടുത്തു കഴിയുന്നത് വരെ അദ്ദേഹത്തിന്റെ സലാം മടക്കിയില്ല.

വുദു കഴിഞ്ഞപ്പോൾ നബി -ﷺ- സലാം മടക്കുകയും ചെയ്തു. ശേഷം അവിടുന്ന് പറഞ്ഞു: "ശുദ്ധിയുള്ള സന്ദർഭത്തിലല്ലാതെ അല്ലാഹുവിനുള്ള ദിക്ർ ചൊല്ലുന്നത് എനിക്ക് അനിഷ്ടകരമായതിനാൽ മാത്രമാണ് താങ്കളുടെ സലാം ഞാൻ മടക്കാതിരുന്നത്." (അബൂദാവൂദ്: 17, നസാഇൗ: 38, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

മൂത്രമൊഴിച്ചു കൊണ്ടിരിക്കെ സലാം മടക്കുക എന്ന കാര്യം നബി -ﷺ- ഉപേക്ഷിച്ചു എന്ന് ഈ ഹദീഥുകളിൽ വ്യക്തമാണ്. ഒരു മുസ്‌ലിമിന്റെ സലാം മടക്കുക എന്നത് നബി -ﷺ- ഇത്തരം സാഹചര്യത്തിൽ ഉപേക്ഷിച്ചുവെങ്കിൽ സുന്നത്തായ ദിക്റുകളും മറ്റും ഇത്തരം സന്ദർഭങ്ങളിൽ ഉപേക്ഷിക്കുക എന്നത് അതിനേക്കാൾ അനുയോജ്യമാണ്. ബാങ്കിന് ഉത്തരം നൽകുക, മറ്റു ദിക്റുകൾ ചൊല്ലുക പോലുള്ള കാര്യങ്ങൾ സുന്നത്തുകളിലാണല്ലോ ഉൾപ്പെടുക?

അതോടൊപ്പം അല്ലാഹുവിനോടുള്ള അടിമയുടെ മര്യാദകളിൽ പെട്ടതാണ് വൃത്തികേടുകളും മാലിന്യങ്ങളും ധാരാളമായി കാണപ്പെടുന്ന ഇത്തരം സ്ഥലങ്ങളിൽ വെച്ച് അല്ലാഹുവിനെ സ്മരിക്കാതിരിക്കുക എന്നത്. അങ്ങനെ ചെയ്യുന്നതിലൂടെ അല്ലാഹുവിന്റെ നാമങ്ങളോടുള്ള ബഹുമാനവും ആദരവും പ്രകടമാകുന്നു. (ഫതാവാ ലജ്നതുദ്ദാഇമ: 5/9494)

## 17. അല്ലാഹുവിന്റെ പേരുള്ള എന്തെങ്കിലും കാര്യം വിസർജന സ്ഥലത്തേക്ക് പ്രവേശിപ്പിക്കാമോ?

അല്ലാഹുവിന്റെ പേരുള്ള എന്തെങ്കിലും കാര്യം വിസർജന സ്ഥലത്തേക്ക് പ്രവേശിപ്പിക്കുന്നത് വെറുക്കപ്പെട്ട, മക്റൂഹായ കാര്യമാണ്; എന്തെങ്കിലും ആവശ്യസാഹചര്യമുണ്ടെങ്കിലല്ലാതെ. നാല് മദ്ഹബുകളും പൊതുവെ യോജിച്ച അഭിപ്രായമാണിത്.

അല്ലാഹുവിന്റെ പേര് രേഖപ്പെടുത്തിയ ഏടുകൾ, മതപരമായ

വിഷയങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ എന്നിവയൊന്നും വിസർജന സ്ഥലത്തേക്ക് പ്രവേശിപ്പിക്കരുത്.

എന്നാൽ എന്തെങ്കിലും ആവശ്യസാഹചര്യം കാരണത്താലാണെങ്കിൽ അവ വിസർജന സ്ഥലത്ത് പ്രവേശിപ്പിക്കുന്നതിൽ തെറ്റില്ല. ഉദാഹരണത്തിന് വിസർജന സ്ഥലത്തിന് പുറത്ത് വെച്ചാൽ മോഷ്ടിക്കപ്പെടുമെന്നോ, അത് നഷ്ടപ്പെട്ടു പോയേക്കുമെന്നോ ഭയക്കുന്നെങ്കിൽ ഇവയുമായി വിസർജന സ്ഥലത്തേക്ക് പ്രവേശിക്കാവുന്നതാണ്.

عَنِ ابْنِ عُمَرَ: «أَنَّ رَجُلًا مَرَّ وَرَسُولُ اللهِ -ﷺ- يَبُولُ، فَسَلَّمَ، فَلَمْ يَرُدَّ عَلَيْهِ»

ഇബ്നു ഉമർ -رضي الله عنه- നിവേദനം: “നബി -ﷺ- മൂത്രമൊഴിച്ചു കൊണ്ടിരിക്കെ ഒരാൾ അവിടുത്തേക്ക് സലാം പറഞ്ഞു. എന്നാൽ നബി -ﷺ- അയാളുടെ സലാം മടക്കിയില്ല.” (മുസ്ലിം: 370)

അല്ലാഹുവിനെ കുറിച്ചുള്ള ദിക്ർ ഉൾക്കൊള്ളുന്ന സലാം മൂത്രമൊഴിക്കുന്ന വേളയിൽ നബി -ﷺ- ഉപേക്ഷിച്ചെങ്കിൽ ഇതിന് സമാനമായ വിഷയങ്ങളിലും ഈ സൂക്ഷ്മതയും ശ്രദ്ധയും ആവശ്യമാണെന്ന് മനസ്സിലാക്കാം.

## 18. ഖുർആൻ അടങ്ങിയ മൊബൈലുമായി വിസർജനസ്ഥലത്ത് പ്രവേശിക്കാമോ?

ചോദ്യത്തിനുള്ള മറുപടിയിലേക്ക് പ്രവേശിക്കുന്നതിന് മുൻപ്, ആമുഖമായി പറയട്ടെ: വിസർജന സ്ഥലത്തേക്ക് മുസ്വ്ഹഫ് പ്രവേശിപ്പിക്കുക എന്നത് നിഷിദ്ധമാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

ഹമ്പലീ പണ്ഡിതനായ ഇമാം മർദാവി -رحمه الله- പറയുന്നു: “പ്രത്യേകിച്ചൊരു ആവശ്യവുമില്ലാതെ, വിസർജനസ്ഥലത്തേക്ക് മുസ്വ്ഹഫ് കൊണ്ടു പോകുന്നത് നിഷിദ്ധമാണെന്നതിൽ യാതൊരു സംശയവുമില്ല. ബുദ്ധിയുള്ള ഒരാളും അക്കാര്യത്തിൽ സംശയിക്കുന്നതല്ല.” (അൽ ഇൻസ്വാഫ്: 1/190)

മാലികീ പണ്ഡിതനായ ഇമാം സ്വാവീ -رحمه الله- പറയുന്നു: “വിസർജന സ്ഥലത്ത് ഖുർആൻ പ്രവേശിപ്പിക്കുന്നത് നിഷിദ്ധമാകുന്നു. ഖുർആൻ പാരായണം ചെയ്യുക എന്നതും, ഖുർആൻ മുഴുവനുള്ളതോ അതിലെ ചില ഭാഗങ്ങൾ ഉൾക്കൊള്ളുന്നതോ ആയ മുസ്വ്ഹഫുകളുമായി വിസർജനസ്ഥലത്ത് പ്രവേശിക്കുക എന്നതും നി

ഷിദ്ധമാകുന്നു. ഒരു ആയത്താണ് എങ്കിൽ പോലും അതുമായി വിസർജന സ്ഥലത്ത് പ്രവേശിച്ചു കൂടാ.” (ഹാശിയതുസ്സ്വാവീ: 1/92)

ഈ വിഷയത്തിലുള്ള അടിസ്ഥാന നിയമം വിശദീകരിക്കുന്നതിനാണ് ഇത്രയും പറഞ്ഞത്. ഇനി ചോദിക്കപ്പെട്ട വിഷയത്തിലേക്ക് പ്രവേശിക്കാം. മൊബൈലിൽ ഖുർആൻ രണ്ട് രൂപത്തിൽ സൂക്ഷിക്കപ്പെട്ടേക്കാം.

**ഒന്ന്:** വായിക്കപ്പെടാവുന്ന രൂപത്തിൽ. ഉദാഹരണത്തിന് ഖുർആൻ ആപ്ലിക്കേഷനുകളായോ, മൊബൈലിന്റെ ബാക്ഗ്രൗണ്ടായോ ഖുർആൻ വെക്കുന്നത്.

**രണ്ട്:** കേൾക്കാവുന്ന രൂപത്തിൽ. ഖുർആൻ പാരായണങ്ങൾ റെക്കോർഡ് ചെയ്യപ്പെട്ട രൂപത്തിൽ സൂക്ഷിക്കുന്നതും, റിംഗ്ടോണോ അലാറത്തിന്റെ ശബ്ദമോ ആയി സെറ്റു ചെയ്തു വെക്കുന്നതും ഉദാഹരണങ്ങൾ.

വിസർജന സ്ഥലത്തായിരിക്കെ ഖുർആൻ പ്രത്യക്ഷമാവുന്ന തരത്തിൽ മൊബൈലിൽ വെച്ചിട്ടുണ്ടെങ്കിൽ അതുമായി ബാത്ത്റൂമിലും മറ്റും പ്രവേശിക്കരുത്. ഉദാഹരണത്തിന് ഖുർആൻ ആയത്തുകൾ റിംഗ്ടോണായി വെച്ചിട്ടുണ്ട് എങ്കിൽ ബാത്ത്റൂമിലിരിക്കെ ആരെങ്കിലും ഫോൺ വിളിച്ചാൽ അതിനുള്ളിൽ ഖുർആൻ കേൾക്കാൻ കാരണമാകും. അതുമല്ലെങ്കിൽ, മൊബൈലിന്റെ ബാക്ഗ്രൗണ്ടായി ഖുർആൻ വെച്ചിട്ടുണ്ടെങ്കിൽ ഫോൺ പ്രവർത്തിപ്പിക്കേണ്ടി വന്നാൽ ഖുർആനിലെ ആയത്ത് അവിടെ വെച്ച് പ്രത്യക്ഷമാകും.

ഇത്തരം അവസ്ഥയിലുള്ളവർ മൊബൈലുമായി ബാത്ത്റൂമിൽ പ്രവേശിപ്പിക്കരുത്. അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ ഖുർആനിലെ ആയത്തുകൾ പ്രദർശിപ്പിക്കപ്പെടാതിരിക്കുന്നതിന് ഇത്തരം സംവിധാനങ്ങൾ മാറ്റുകയും, അനുവദനീയമായ മറ്റേതെങ്കിലും ശബ്ദം ഉപയോഗപ്പെടുത്തുകയുമാണ് വേണ്ടത്.

എന്നാൽ ഖുർആൻ ഒരാൾ ഉദ്ദേശിക്കുന്ന സന്ദർഭത്തിൽ മാത്രം പ്രകടമാകുന്ന രൂപത്തിലാണ് മൊബൈലിൽ ഉള്ളത് എങ്കിൽ അതുമായി ടോയിലെറ്റിലോ മറ്റോ പ്രവേശിക്കുന്നതിൽ യാതൊരു തെറ്റുമില്ല. ഉദാഹരണത്തിന് മൊബൈലിൽ ഖുർആൻ ആപ്ലിക്കേഷനോ, പാരായണത്തിന്റെ റെക്കോഡിംഗുകളോ ഉണ്ടെങ്കിൽ അതുമായി ഇത്തരം സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിൽ കുഴപ്പമില്ല.

എന്നാൽ ഇത്തരം സൗകര്യങ്ങൾ വിസർജന സ്ഥലത്തു വെച്ച്

ഒരിക്കലും പ്രവർത്തിപ്പിക്കാതിരിക്കാൻ അവൻ ശ്രദ്ധ പുലർത്ത ണം. ഖുർആൻ മനപാഠമാക്കിയവന്റെ ഹൃദയത്തിലുണ്ട് എന്നതി നോട് -ഒരു നിലക്ക്- സമാനമാണ് മൊബലിലുള്ള സംവിധാനങ്ങളു ടെ അവസ്ഥ. ഒരാളുടെ ഹൃദയത്തിലുള്ള ഖുർആൻ വിസർജന സ്ഥ ലത്ത് പ്രവേശിക്കുന്നതിൽ നിന്ന് അവനെ തടയുന്നില്ലല്ലോ? ഇതു പോലെയാണ് മൊബൈലിന്റെയും കാര്യം.

അവസാനമായി -ഗൗരവത്തോടെ- ഓർമ്മപ്പെടുത്തട്ടെ! അല്ലാ ഹുവിന്റെ സംസാരമായ ഖുർആൻ അനുയോജ്യമായ സ്ഥലങ്ങളി ലും സാഹചര്യങ്ങളിലും മാത്രമേ പ്രദർശിപ്പിക്കുക പാടുള്ളൂ. ഖുർആ നിനെ ബഹുമാനിക്കുക എന്നതാകട്ടെ, ഈമാനിന്റെ അടയാളങ്ങ ളിൽ പെട്ടതുമാണ്. അല്ലാഹു അവനെ സൂക്ഷിച്ചു ജീവിക്കുന്ന തഖ് വയുള്ള മുസ്‌ലിമീങ്ങളിൽ നമ്മെ ഉൾപ്പെടുത്തട്ടെ. (അവലംബം: ഫ താവാ ശൈഖ് അബ്ദിൽ കരീം അൽ ഖുദൈ്വർ)

## 19. മലമൂത്ര വിസർജനത്തിനിടയിൽ പരസ്പരം സംസാരിക്കു ന്നതിന്റെ വിധിയെന്താണ്?

മല മൂത്ര വിസർജനത്തിനിടെ സംസാരിക്കുക എന്നത് വെറു ക്കപ്പെട്ട മക്റൂഹായ കാര്യങ്ങളിലൊന്നാണ്. നാല് മദ്ഹബുകളും ഇക്കാര്യത്തിൽ പൊതുവെ യോജിച്ചിരിക്കുന്നു. സലഫുകളിൽ പെട്ട ഒരു വിഭാഗത്തിന്റെയും, ബഹുഭൂരിപക്ഷം കർമ്മശാസ്ത്ര പണ്ഡിത ന്മാരുടെയും അഭിപ്രായം ഇപ്രകാരം തന്നെ.

عَنِ ابْنِ عُمَرَ: «أَنَّ رَجُلًا مَرَّ وَرَسُولُ اللهِ -ﷺ- يَبُولُ، فَسَلَّمَ، فَلَمْ يَرُدَّ عَلَيْهِ»

ഇബ്നു ഉമർ -ؓ- നിവേദനം: “നബി -ﷺ- മൂത്രമൊഴിച്ചു കൊ ണ്ടിരിക്കെ ഒരാൾ അവിടുത്തേക്ക് സലാം പറഞ്ഞു. എന്നാൽ നബി -ﷺ- അയാളുടെ സലാം മടക്കിയില്ല.” (മുസ്‌ലിം: 370)

മൂത്രമൊഴിച്ചു കൊണ്ടിരിക്കെ നബി -ﷺ- ഒരാൾക്ക് സലാം മട ക്കിയില്ലെന്നതിൽ നിന്ന് അതിൽ താഴെയുള്ള സംഭാഷണങ്ങൾ തീ ർത്തും ഒഴിവാക്കേണ്ടതാണ് മനസ്സിലാക്കാം. മൂത്രമൊഴിക്കുന്ന ഒരാ ളോട് സലാം പറഞ്ഞാൽ അത് കേൾക്കുന്നയാൾ മടക്കാൻ ബാധ്യ സ്ഥനല്ല എന്നും ഇതിൽ നിന്ന് മനസ്സിലാക്കാം.

ഇമാം നവവി -رحمه الله- പറയുന്നു: “മലമൂത്ര വിസർജനവേളയിൽ സംസാരിക്കുക എന്നത് വെറുക്കപ്പെട്ട മക്റൂഹായ കാര്യമാണ്. ഏതു നിലക്കുള്ള സംസാരവും അപ്പോൾ ഒഴിവാക്കേണ്ടത് തന്നെ.

എന്നാൽ അനിവാര്യമായും സംസാരിക്കേണ്ടതായ എന്തെങ്കിലും കാര്യങ്ങൾ ഉണ്ടായാൽ അത് ഈ പറഞ്ഞതിൽ നിന്ന് ഒഴിവാണ്. ഉദാഹരണത്തിന് അന്ധനായ ഒരാൾ കിണറ്റിൽ വീഴുമെന്ന് കണ്ടാലോ, വിഷജന്തുകൾ ഒരാളെ ഉപദ്രവിക്കാൻ വരുന്നത് കണ്ടാലോ മറ്റോ അതിനെ കുറിച്ച് അറിയിക്കുന്നതിനായി സംസാരിക്കുന്നത് മക്റൂഹല്ല. മറിച്ച് അത്തരം സംസാരങ്ങൾ നിർബന്ധമായും നിർവ്വഹിക്കേണ്ട വാജിബായ സംസാരത്തിലാണ് ഉൾപ്പെടുക." (ശർഹു മുസ്‌ലിം: 4/65)

ശൈഖ് ഇബ്നു ഉഥൈമീൻ -ﷺ- പറയുന്നു: "മലമൂത്ര വിസർജന വേളയിൽ സംസാരിക്കുന്നത് ശരിയല്ല. എന്നാൽ -കർമ്മശാസ്ത്ര പണ്ഡിതന്മാർ പറഞ്ഞതു പോലെ- എന്തെങ്കിലും ആവശ്യത്തിനാണ് സംസാരിക്കുന്നതെങ്കിൽ അതിൽ കുഴപ്പമില്ല.

ഉദാഹരണത്തിന് ഒരാൾക്ക് വഴി കാണിച്ചു കൊടുക്കുകയോ, നിർബന്ധമായും മറുപടി നൽകേണ്ട എന്തെങ്കിലും കാര്യം ഒരാൾ ചോദിച്ചാൽ അതിന് മറുപടി നൽകുകയോ ചെയ്യുന്നതിൽ തെറ്റില്ല. അതല്ലെങ്കിൽ ഒരാളോട് അത്യാവശ്യമായി എന്തെങ്കിലും സംസാരിക്കാനുണ്ടാവുകയും, അയാൾ പോകാൻ നിൽക്കുകയുമാണെങ്കിൽ അയാളോട് സംസാരിക്കാം. അതുമല്ലെങ്കിൽ വൃത്തിയാക്കുന്നതിന് വെള്ളം ചോദിക്കാം. ഇതൊന്നും തെറ്റില്ലാത്ത കാര്യമാണ്." (ശർഹുൽ മുംതിഅ്: 1/119)

## 20. തുറസ്സായ സ്ഥലങ്ങളിൽ ആരെങ്കിലും അടുത്തു നിൽക്കുമ്പോൾ മലമൂത്ര വിസർജനം ചെയ്യാമോ?

തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തേണ്ടി വന്നാൽ ജനങ്ങളുടെ കാഴ്ച്ചയിൽ നിന്ന് മറയുകയും, അവരിൽ നിന്ന് അകലം പാലിക്കുകയും ചെയ്യുക എന്നത് വളരെ നല്ല കാര്യമാണ്. ഇക്കാര്യം മൻദൂബ് ആണെന്ന് ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

നബി-ﷺ-യുടെ പ്രവൃത്തിയിൽ നിന്ന് ലഭിക്കുന്ന മഹത്തരമായ മര്യാദയും ഇപ്രകാരം തന്നെ. അതിനാൽ വളരെ പ്രബലമായ സുന്നത്താണ് ഇക്കാര്യം എന്ന് ഇമാം നവവി -ﷺ- അഭിപ്രായപ്പെട്ടിട്ടുണ്ട്.

عَنِ الْمُغِيرَةِ بْنِ شُعْبَةَ، قَالَ: كُنْتُ مَعَ النَّبِيِّ -ﷺ- فِي سَفَرٍ فَقَالَ: «**يَا مُغِيرَةُ خُذِ الْإِدَاوَةَ**» فَأَخَذْتُهَا، ثُمَّ خَرَجْتُ مَعَهُ، فَانْطَلَقَ رَسُولُ اللهِ -ﷺ- حَتَّى تَوَارَى عَنِّي، فَقَضَى حَاجَتَهُ.

മുഗീറതു ബ്നു ശുഅ്ബഃ -ﷺ- നിവേദനം: ഒരു യാത്രയിൽ ഞാൻ നബി -ﷺ- യോടൊപ്പമുണ്ടായിരുന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: "മുഗീറ! ഈ വെള്ളപ്പാത്രം പിടിക്കുക." അപ്പോൾ ഞാനത് കയ്യിലെടുത്തു. അങ്ങനെ നബി -ﷺ- എന്നിൽ നിന്ന് മറഞ്ഞു പോവുകയും, തന്റെ ആവശ്യം നിർവ്വഹിക്കുകയും ചെയ്തു." (ബുഖാരി: 363, മുസ്‌ലിം: 274)

عَنْ عَبْدِ اللَّهِ بْنِ جَعْفَرٍ قَالَ: أَرْدَفَنِي رَسُولُ اللَّهِ -ﷺ- ذَاتَ يَوْمٍ خَلْفَهُ، فَأَسَرَّ إِلَيَّ حَدِيثًا لَا أُحَدِّثُ بِهِ أَحَدًا مِنَ النَّاسِ، وَكَانَ أَحَبَّ مَا اسْتَتَرَ بِهِ رَسُولُ اللَّهِ -ﷺ- لِحَاجَتِهِ، هَدَفٌ أَوْ حَائِشُ نَخْلٍ.

അബ്ദുല്ലാഹി ബ്നു ജഅ്ഫർ -ﷺ- നിവേദനം: ഒരിക്കൽ നബി -ﷺ- എന്നെ അവിടുത്തെ വാഹനപ്പുറത്ത് -അവിടുത്തെ പിറകിൽ- സഹയാത്രികനാക്കി. എന്നോട് അവിടുന്ന് ഒരു രഹസ്യം പറയുകയുണ്ടായി; ജനങ്ങളിൽ ഒരാളോടും ഞാൻ അത് പറഞ്ഞു കൊടുക്കുന്നതല്ല. മണ്ണിൽ നിന്ന് ഉയർന്നു നിൽക്കുന്ന വസ്തുക്കളും, ഈന്തപ്പന തോട്ടവുമായിരുന്നു പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുമ്പോൾ മറയായി സ്വീകരിക്കാൻ നബി -ﷺ- ക്ക് ഏറ്റവും ഇഷ്ടമുണ്ടായിരുന്നത്." (മുസ്‌ലിം: 342)

'മണ്ണിൽ നിന്ന് ഉയർന്നു നിൽക്കുന്ന വസ്തുക്കൾ' എന്നത് കൊണ്ട് ഉദ്ദേശം മലകളും പർവ്വതങ്ങളും, മൺപുറ്റുകളും മറ്റുമാണ്. മറ സ്വീകരിക്കാൻ ഇത്തരം സ്ഥലങ്ങൾ നബി -ﷺ- ഇഷ്ടപ്പെട്ടതിന്റെ കാരണം വ്യക്തമാണ്; വിസർജന സമയത്ത് ജനങ്ങളിൽ നിന്ന് ഒരു വ്യക്തിയെ പൂർണ്ണമായി മറക്കാൻ ഇത്തരം സ്ഥലങ്ങൾ സഹായകമാണ്.

മറസ്വീകരിക്കാൻ എന്തെങ്കിലും മതിയായ സൗകര്യങ്ങൾ ഉണ്ടെങ്കിൽ ജനങ്ങളിൽ നിന്ന് അകന്നു പോകേണ്ടതില്ല എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടത് സാന്ദർഭികമായി ഓർമ്മപ്പെടുത്തട്ടെ.

ജനങ്ങൾ നടന്നു പോയിക്കൊണ്ടിരിക്കുന്ന വഴിയോരങ്ങളിലും, ആളുകൾ കൂടിനിൽക്കുന്ന അങ്ങാടികളിലും മറ്റുമെല്ലാം മൂത്രമൊഴിക്കുന്നത് ഉപേക്ഷിക്കേണ്ട കാര്യമാണ്. ഇസ്‌ലാം പഠിപ്പിച്ച ലജ്ജയുടെയും മാന്യതയുടെയും ഗുണങ്ങൾ സൂക്ഷിക്കുന്നവർക്ക് തീർത്തും യോജിക്കുന്നതല്ല ഇത്തരം പ്രവൃത്തികൾ എന്നതിൽ യാതൊരു സംശയവുമില്ല.

### 21. മലമൂത്ര വിസർജനം ഖിബ്‌ലക്ക് നേരെയാകുന്നതിന്റെ വിധി എന്താണ്?

ഖിബ്‌ലക്ക് മുന്നിട്ടോ പിന്നിട്ടോ മലമൂത്ര വിസർജനം നടത്തുക എന്നത് -തുറസ്സായ സ്ഥലങ്ങളിലാണെങ്കിൽ- ഹറാമാണ്. എന്നാൽ മറയുള്ള കെട്ടിടങ്ങൾക്കുള്ളിൽ അനുവദനീയവുമാണ്. ബഹുഭൂരി പക്ഷത്തിന്റെയും അഭിപ്രായം ഇപ്രകാരമാണ്.

എന്നാൽ കെട്ടിടങ്ങൾക്കുള്ളിലാണെങ്കിലും ഖിബ്‌ലക്ക് മുന്നിടുന്നതോ പിന്നിടുന്നതോ നിഷിദ്ധമാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതന്മാരുമുണ്ട്; അതിനാൽ പരമാവധി ഖിബ്‌ലക്ക് നേരെയാകുന്നത് ഉപേക്ഷിക്കുന്നതാണ് നല്ലത്. വീടു നിർമ്മിക്കുമ്പോൾ ഇക്കാര്യം മനസ്സിൽ വെക്കുന്നത് വളരെ നന്നായിരിക്കും.

عَنْ أَبِي أَيُّوبَ الأَنْصَارِيِّ أَنَّ النَّبِيَّ -ﷺ- قَالَ: «**إِذَا أَتَيْتُمُ الغَائِطَ فَلاَ تَسْتَقْبِلُوا القِبْلَةَ، وَلاَ تَسْتَدْبِرُوهَا وَلَكِنْ شَرِّقُوا أَوْ غَرِّبُوا**»

അബൂ അയ്യൂബ് അൽ അൻസ്വാരി -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങൾ മലമൂത്ര വിസർജനത്തിനായി ചെന്നാൽ ഖിബ്‌ലക്ക് നേരെയിരിക്കരുത്. ഖിബ്‌ലക്ക് പിന്നിട്ടുമിരിക്കരുത്. എന്നാൽ കിഴക്ക് ഭാഗത്തേക്കോ പടിഞ്ഞാറു ഭാഗത്തേക്കോ ദിശ സ്വീകരിക്കുക." (ബുഖാരി: 394, മുസ്‌ലിം: 264)

മദീനയിൽ വെച്ചാണ് നബി -ﷺ- ഇപ്രകാരം പറഞ്ഞത്. അവിടെ ഖിബ്‌ലയുടെ ദിശ തെക്കുവടക്കാണ്. ഇതിനാലാണ് കിഴക്കു പടിഞ്ഞാറു ഭാഗങ്ങളിലേക്ക് തിരിയാൻ നബി -ﷺ- കൽപ്പിച്ചത്. നമ്മുടെ നാട്ടിൽ -കേരളത്തിൽ- ഖിബ്‌ല പടിഞ്ഞാറു ഭാഗത്തേക്ക് ആയതിനാൽ തെക്ക് വടക്ക് ഭാഗത്തേക്കായാണ് മലമൂത്ര വിസർജനത്തിന് ഇരിക്കേണ്ടത്.

എന്നാൽ ഖിബ്‌ലക്ക് ഇടയിൽ മറയുണ്ടെങ്കിൽ മലമൂത്ര വിസർജനം ആകാമെന്നതിനുള്ള തെളിവ് ഹദീഥുകളിലും ആഥാറുകളിലും (സ്വഹാബികളുടെ വാക്കുകൾ) വന്നതായി കാണാം.

عَنْ عَبْدِ اللهِ بْنِ عُمَرَ قَالَ: «**لَقَدْ ارْتَقَيْتُ يَوْمًا عَلَى ظَهْرِ بَيْتٍ لَنَا، فَرَأَيْتُ رَسُولَ اللهِ** -ﷺ- «**عَلَى لَبِنَتَيْنِ، مُسْتَقْبِلًا بَيْتَ المَقْدِسِ لِحَاجَتِهِ**»

അബ്ദുല്ലാഹി ബ്നു ഉമർ -رضي الله عنه- നിവേദനം: "ഒരിക്കൽ ഞങ്ങളുടെ വീടുകളിലൊന്നിന്റെ മുകളിൽ ഞാൻ കയറുകയുണ്ടായി. അ പ്പോൾ

നബി -ﷺ- രണ്ട് വെട്ടുകല്ലുകൾക്ക് മുകളിൽ ഇരുന്നു കൊണ്ട്, ബയ്തുൽ മഖ്ദിസിന്റെ ഭാഗത്തേക്കായി തിരിഞ്ഞു കൊണ്ട് പ്രാഥമികകാര്യം നിർവ്വഹിക്കുന്നതായി ഞാൻ കണ്ടു." (ബുഖാരി: 145, മുസ്‌ലിം: 266)

## 22. മറ്റൊരാൾ കാണുന്ന രൂപത്തിൽ മലമൂത്ര വിസർജനം ചെയ്യുന്നതിന്റെ വിധിയെന്താണ്?

മറ്റുള്ളവരുടെ കാഴ്ച്ചയിൽ നിന്ന് മറക്കേണ്ട ഭാഗങ്ങളായ ഔറതുകൾ മറക്കുക എന്നത് നിർബന്ധമാണ്. ഇക്കാര്യം പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമുള്ള കാര്യമാണെന്ന് ജസ്സാസ്, ഇബ്നു അബ്ദിൽ ബർറ്, ഇബ്നു റുശ്ദ്, ഇബ്നു റജബ് തുടങ്ങിയ അനേകം പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള തെളിവ് വിശുദ്ധ ഖുർആനിലെ ആയത്തുകളും നബി-ﷺ-യുടെ ഹദീഥുകളുമാണ്.

അല്ലാഹു പറയുന്നു:

﴿قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ﴾ النور: ٣٠

"(നബിയേ,) നീ വിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക." (നൂർ: 30)

ആയത്തിൽ പരാമർശിക്കപ്പെട്ട, ഗുഹ്യാവയം സംരക്ഷിക്കുക എന്നതിന്റെ ഭാഗമാണ് ഗുഹ്യസ്ഥാനത്തേക്ക് മറ്റുള്ളവർ നോക്കുന്നതിൽ നിന്ന് അതിനെ സംരക്ഷിക്കുക എന്നത്. (തഫ്സീർ ഇബ്നി കഥീർ: 6/42)

عَنْ أَبِي سَعِيدٍ الْخُدْرِيِّ أَنَّ رَسُولَ اللهِ -ﷺ- قَالَ: «**لَا يَنْظُرُ الرَّجُلُ إِلَى عَوْرَةِ الرَّجُلِ، وَلَا الْمَرْأَةُ إِلَى عَوْرَةِ الْمَرْأَةِ**»

അബൂ സഈദ് അൽ ഖുദ്‌രി -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "ഒരു പുരുഷന്റെ ഗുഹ്യസ്ഥാനത്തേക്ക് മറ്റൊരു പുരുഷൻ നോക്കിക്കൂടാ. ഒരു സ്ത്രീയുടെ ഗുഹ്യസ്ഥാനത്തേക്ക് മറ്റൊരു സ്ത്രീയും നോക്കിക്കൂടാ." (മുസ്‌ലിം: 338)

## 23. തുടർച്ചയായി മൂത്രം വന്നു കൊണ്ടിരിക്കുന്ന വ്യക്തിക്ക് മസ്ജിദിൽ പ്രവേശിക്കാമോ?

മസ്ജിദിൽ മൂത്രമൊഴിക്കുകയോ മലവിസർജനം നടത്തുകയോ

ചെയ്യുന്നത് ഹറാമാണ് എന്നതിൽ സംശയമില്ല. നാല് കർമ്മശാസ്ത്ര മദ്ഹബുകളും ഇക്കാര്യത്തിൽ ഏകോപിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമാണ് ഉള്ളതെന്ന് ഇബ്നു ഹസ്മ് -ﷺ- അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

«إِنَّ هَذِهِ الْمَسَاجِدَ لَا تَصْلُحُ لِشَيْءٍ مِنْ هَذَا الْبَوْلِ، وَلَا الْقَذَرِ إِنَّمَا هِيَ لِذِكْرِ اللهِ عَزَّ وَجَلَّ، وَالصَّلَاةِ وَقِرَاءَةِ الْقُرْآنِ»

നബി -ﷺ- യുടെ മസ്ജിദിൽ ഒരു ഗ്രാമീണനായ അറബി മൂത്ര മൊഴിക്കുകയും, തുടർന്നുണ്ടാവുകയും ചെയ്ത സംഭവങ്ങൾ ഏറെ പ്രസിദ്ധമാണ്. അദ്ദേഹത്തെ ഉപദേശിച്ചു കൊണ്ട് നബി -ﷺ- പറഞ്ഞു: “മസ്ജിദുകൾ; ഇവിടങ്ങളിൽ ഇങ്ങനെ മൂത്രമോ മറ്റെന്തെങ്കിലും മാലിന്യമോ യോജിക്കുകയില്ല. അല്ലാഹുവിനെ സ്മരിക്കുന്നതിനും, നിസ്കാരത്തിനും, ഖുർആൻ പാരായണത്തിനും മാത്രമാണ് മസ്ജിദുകൾ.” ഇത്രയും പറഞ്ഞ ശേഷം നബി -ﷺ- ഒരാളോട് ആ മൂത്രത്തിന് മേൽ വെള്ളമൊഴിച്ച് കഴുകാൻ കൽപ്പിക്കുകയും ചെയ്തു. (ബുഖാരി: 6025, മുസ്ലിം: 284)

عَنْ أَنَسِ بْنِ مَالِكٍ قَالَ: قَالَ النَّبِيُّ -ﷺ-: «الْبُزَاقُ فِي الْمَسْجِدِ خَطِيئَةٌ وَكَفَّارَتُهَا دَفْنُهَا»

അനസ് -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: “മസ്ജിദിൽ കഫം ആക്കുക എന്നത് തിന്മയാണ്. അത് (മണ്ണു കൊണ്ട്) മൂടുക എന്നതാണ് അതിനുള്ള പ്രായശ്ചിത്തം.)” (ബുഖാരി: 415, മുസ്ലിം: 552)

കഫം എന്നത് നജസായ വസ്തുവല്ല; എങ്കിൽ കൂടി അത് മസ്ജിദിൽ നിന്ന് നീക്കം ചെയ്യുക എന്നത് നിർബന്ധമാണെന്ന് ഈ ഹദീഥിൽ നിന്ന് മനസ്സിലാക്കാം. എങ്കിൽ നജസായ മൂത്രവും മലവുമെല്ലാം മസ്ജിദിൽ നിന്ന് തീർത്തും മാറ്റിനിർത്താൻ ശ്രദ്ധിക്കുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ബോധ്യപ്പെടാവുന്നതേയുള്ളൂ.

ഇത്രയും പറഞ്ഞത് മസ്ജിദുകളിൽ മൂത്രമൊഴിക്കുകയോ മല വിസർജനം നടത്തുകയോ പാടില്ലെന്ന് അറിയിക്കുന്നതിനാണ്. ഇനി ചോദ്യത്തിൽ പരാമർശിക്കപ്പെട്ട കാര്യത്തിലേക്ക് വരാം.

തുടർച്ചയായി മൂത്രം വന്നു കൊണ്ടിരിക്കുന്ന രോഗം ബാധിച്ചവർക്ക് മസ്ജിദിൽ പ്രവേശിക്കുന്നത് അനുവദനീയമാണ്. എന്നാൽ തന്റെ ശരീരത്തിലോ വസ്ത്രത്തിലോ മൂത്രം പരക്കുന്നത് തടയുന്ന

രൂപത്തിൽ എന്തെങ്കിലും കോട്ടണോ മറ്റോ ധരിച്ച ശേഷമേ അവർ മസ്ജിദിലേക്ക് പ്രവേശിക്കാവൂ. തുടർച്ചയായ രക്തസ്രാവമുള്ള (ആർത്തവമല്ല രക്തസ്രാവം എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക) സ്ത്രീകളും മസ്ജിദിൽ പ്രവേശിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കണം.

**24. ഖബറുകൾക്ക് മുകളിൽ വിസർജനം നടത്തുന്നതിന്റെ ഗൗരവം വിശദീകരിക്കാമോ?**

ഖബറുകൾക്ക് മീതെ മലമൂത്ര വിസർജനം നടത്തുക എന്നത് നിഷിദ്ധമാണ്. നാല് മദ്ഹബുകളും ഇക്കാര്യത്തിൽ ഏകാഭിപ്രായത്തിലാണുള്ളത്. അബൂ ഹുറൈറ -ﷺ- നിവേദനം ചെയ്ത ഹദീഥ് ഇക്കാര്യത്തിലേക്ക് സൂചന നൽകുന്നുണ്ട്.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**لَأَنْ يَجْلِسَ أَحَدُكُمْ عَلَى جَمْرَةٍ فَتُحْرِقَ ثِيَابَهُ، فَتَخْلُصَ إِلَى جِلْدِهِ، خَيْرٌ لَهُ مِنْ أَنْ يَجْلِسَ عَلَى قَبْرٍ**»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: “നിങ്ങളിലൊരാൾ ഒരു തീക്കട്ടയുടെ പുറത്ത് ഇരിക്കുകയും, അതവന്റെ വസ്ത്രം കരിച്ചു കളയുകയും, അവന്റെ ശരീരത്തിലേക്ക് തീ എത്തുകയും ചെയ്യുന്നതാണ് ഒരു ഖബറിന്റെ മേൽ ഇരിക്കുന്നതിനേക്കാൾ അവന് നല്ലത്.” (മുസ്ലിം: 971)

ഈ ഹദീഥിൽ പരാമർശിക്കപ്പെട്ട ഖബറിന് മുകളിലുള്ള ഇരുത്തം എന്നത് കൊണ്ട് ഉദ്ദേശം മലമൂത്ര വിസർജനമാണ് എന്ന് ഇമാം മാലികിനെ പോലുള്ള ചില പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

പ്രസ്തുത വിശദീകരണമില്ലെങ്കിൽ പോലും, കേവലം ഖബറിന് മുകളിൽ ഇരിക്കുക എന്നതിനേക്കാൾ ഗുരുതരവും കടുത്തതുമായ പ്രവൃത്തിയാണ് അതിന് മേൽ മലമൂത്ര വിസർജനം നടത്തുന്നത് എന്നതിൽ സംശയമില്ല. കാരണം ഖബറിനോടുള്ള ആദരവിനും, അതിൽ മറമാടപ്പെട്ട മനുഷ്യരോടുള്ള ആദരവിനും കടകവിരുദ്ധമാണ് ഇത്തരം പ്രവർത്തനങ്ങൾ.

**25. പൊതുഇടങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതിന്റെ ഗൗരവം വിശദീകരിക്കാമോ?**

ജനങ്ങൾ ഉപയോഗപ്പെടുത്തുന്ന വഴികളിലും അവയുടെ വശങ്ങളിലും, ഉപകാരപ്രദമായ തണലുകൾക്ക് താഴെയും, ഫലം നൽകുന്ന വൃക്ഷങ്ങൾക്ക് കീഴെയും, ജനങ്ങൾ ഒത്തുകൂടുകയോ അവർക്ക്

ഉപയോഗപ്പെടുത്തേണ്ട സ്ഥലങ്ങളിലോ മലമൂത്ര വിസർജനം നടത്തുന്നത് അനുവദനീയമല്ല.

അനേകം പണ്ഡിതന്മാർ ഇക്കാര്യം അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവ ഹറാമായ -തീർത്തും ഉപേക്ഷിക്കേണ്ട നിഷിദ്ധമായ- കാര്യങ്ങളിൽ പെട്ടതാണെന്ന അഭിപ്രായമാണ് കൂടുതൽ ശരിയായി മനസ്സിലാകുന്നത്. വല്ലാഹു അഅ്ലം.

ഇത്തരം പ്രവർത്തനങ്ങൾ മനുഷ്യർക്ക് പൊതുവെയും, മുഅ്മിനീങ്ങൾക്ക് പ്രത്യേകമായും ഉപദ്രവകരമാണെന്നതിൽ സംശയമില്ല. ഈ തരം ഉപദ്രവങ്ങൾ ഉപേക്ഷിക്കണമെന്ന ശക്തമായ താക്കീത് അല്ലാഹു അവന്റെ അടിമകൾക്ക് നൽകിയിട്ടുണ്ട്.

﴿ وَٱلَّذِينَ يُؤْذُونَ ٱلْمُؤْمِنِينَ وَٱلْمُؤْمِنَـٰتِ بِغَيْرِ مَا ٱكْتَسَبُوا۟ فَقَدِ ٱحْتَمَلُوا۟ بُهْتَـٰنًا وَإِثْمًا مُّبِينًا ﴿٥٨﴾ ﴾ الأحزاب: ٥٨

“സത്യവിശ്വാസികളായ പുരുഷൻമാരെയും സ്ത്രീകളെയും അവർ (തെറ്റായ) യാതൊന്നും ചെയ്യാതിരിക്കെ ശല്യപ്പെടുത്തുന്നവരാരോ അവർ അപവാദവും പ്രത്യക്ഷമായ പാപവും പേറിയിരിക്കയാണ്.” (അഹ്സാബ്: 58)

ഈ ആയത്തിൽ പരാമർശിക്കപ്പെട്ട ഉപദ്രവങ്ങളിൽ മേൽ പറഞ്ഞ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതും ഉൾപ്പെടും എന്ന് ഇമാം നവവി -ﷺ- വിവരിച്ചിട്ടുണ്ട്.

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللهِ -ﷺ- قَالَ: «**اتَّقُوا اللَّعَّانَيْنِ**» قَالُوا: وَمَا اللَّعَّانَانِ يَا رَسُولَ اللهِ؟ قَالَ: «**الَّذِي يَتَخَلَّى فِي طَرِيقِ النَّاسِ، أَوْ فِي ظِلِّهِمْ**»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: “ശാപാർഹമായ രണ്ട് കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക.” സ്വഹാബികൾ ചോദിച്ചു: “അല്ലാഹുവിന്റെ റസൂലേ! ഏതെല്ലാമാണവ?” നബി -ﷺ- പറഞ്ഞു: “ജനങ്ങളുടെ വഴികളിലും, തണലുകളിലും വിസർജനം നടത്തലാണത്.” (മുസ്ലിം: 269)

ശൈഖ് ഇബ്നു ഉഥൈമീൻ -ﷺ- പറയുന്നു: “ഫലം നൽകുന്ന വൃക്ഷങ്ങൾക്ക് താഴെ മൂത്രമൊഴിക്കുന്നത് നിഷിദ്ധമാണ്... മലമൂത്ര വിസർജനം പാടില്ലാത്ത വേറെയും സ്ഥലങ്ങളുണ്ട്... ഉദാഹരണത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലുള്ള ജനങ്ങൾ -മതപരമോ മറ്റോ

ആയ ആവശ്യങ്ങൾക്ക്- ഒത്തുകൂടുന്ന സ്ഥലങ്ങൾ. ജനങ്ങൾ ഉപയോഗപ്പെടുത്തുന്ന വഴികളിലും തണലുകളിലും മൂത്രമൊഴിക്കുന്നത് വിലക്കിയ നബി -ﷺ- യുടെ ഹദീഥാണ് ഈ പറഞ്ഞ വിധികൾക്കെല്ലാമുള്ള ആധാരം." (ശർഹുൽ മുംതിഅ്: 1/128,129)

## 26. നിന്നുകൊണ്ട് മൂത്രമൊഴിക്കുന്നതിന്റെ വിധിയെന്താണ്?

ഇരുന്ന് കൊണ്ട് മൂത്രമൊഴിക്കുക എന്നതാണ് ഏറ്റവും ഉത്തമം. കാരണം നബി -ﷺ- യിൽ നിന്ന് പൊതുവെ സ്ഥിരപ്പെട്ടിട്ടുള്ളത് അവിടുന്ന് ഇരുന്നു കൊണ്ട് മൂത്രമൊഴിച്ചതായാണ്. പണ്ഡിതന്മാരിൽ ചിലർ നിന്നു കൊണ്ട് മൂത്രമൊഴിക്കുന്നത് വിലക്കുക വരെ ചെയ്തിട്ടുണ്ട്.

എന്നാൽ മൂത്രം ശരീരത്തിലേക്ക് തെറിക്കില്ലെന്നും, മറ്റൊരാൾ ഔറത് കാണില്ലെന്നും ഉറപ്പുണ്ടെങ്കിൽ നിന്നു കൊണ്ട് മൂത്രമൊഴിക്കുന്നത് അനുവദനീയമാണ്; -നിന്നു കൊണ്ട് മൂത്രമൊഴിക്കൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ പ്രത്യേകിച്ചും-.

ഹമ്പലീ മദ്ഹബിലെ സ്വീകാര്യമായ അഭിപ്രായവും, മാലികീ മദ്ഹബിലെ വ്യത്യസ്ത അഭിപ്രായങ്ങളിലൊന്നും ഇപ്രകാരമാണ്. ഇബ്നുൽ മുൻദിർ, ഇമാം നവവി, ശൗകാനീ, ഇബ്നു ബാസ്, ഇബ്നു ഉഥൈമീൻ തുടങ്ങിയവർ സ്വീകരിച്ച അഭിപ്രായവും ഇതു തന്നെ.

عَنْ حُذَيْفَةَ قَالَ: أَتَى النَّبِيُّ -ﷺ- سُبَاطَةَ قَوْمٍ فَبَالَ قَائِمًا، ثُمَّ دَعَا بِمَاءٍ فَجِئْتُهُ بِمَاءٍ فَتَوَضَّأَ.

ഹുദൈഫ -رضي الله عنه- നിവേദനം: നാട്ടുകാർ മാലിന്യം കൊണ്ടുതള്ളുന്ന ഒരിടത്തു വെച്ച് നബി -ﷺ- നിന്നു കൊണ്ട് മൂത്രമൊഴിച്ചു. ശേഷം അവിടുന്ന് വെള്ളം ആവശ്യപ്പെട്ടപ്പോൾ ഞാൻ അത് കൊണ്ടുകൊടുക്കുകയും, അവിടുന്ന് അതു കൊണ്ട് വുദു എടുക്കുകയും ചെയ്തു." (ബുഖാരി: 224, മുസ്ലിം: 273)

നബി -ﷺ- യുടെ സ്വഹാബികളിൽ പെട്ട ഉമർ ബ്നുൽ ഖത്താബ് -رضي الله عنه-, സയ്ദു ബ്നു ഥാബിത് -رضي الله عنه-, ഇബ്നു ഉമർ -رضي الله عنه-, സഹ്ലു ബ്നു സഅ്ദ് -رضي الله عنه- എന്നിവരിൽ നിന്ന് ഈ അഭിപ്രായം സ്ഥിരപ്പെട്ടിട്ടുണ്ട്.

സ്വഹാബികളായ അലി -رضي الله عنه-, അനസ് -رضي الله عنه-, അബൂ ഹുറൈറ -رضي الله عنه- തുടങ്ങിയവരിൽ നിന്നും ഇത്തരം സംഭവങ്ങൾ നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്. (ഇശ്റാഫ് / ഇബ്നുൽ മുൻദിർ: 1/173)

**27. മൂത്രമൊഴിച്ചാൽ എത്ര തവണ വെള്ളം കൊണ്ട് കഴുകണം?**

മൂത്രമൊഴിക്കുകയോ മല വിസർജനം നടത്തുകയോ ചെയ്താൽ മലവും മൂത്രവും ശരീരത്തിൽ നിന്ന് പോകുന്നത് വരെ കഴുകുകയാണ് വേണ്ടത്. ഇതിന് പ്രത്യേകിച്ചൊരു എണ്ണം നിർബന്ധമില്ല എന്നതാണ് ശരിയായ അഭിപ്രായമായി മനസ്സിലാകുന്നത്.

ഒരു തവണ കഴുകിയപ്പോൾ തന്നെ മൂത്രം ശരീരത്തിൽ നിന്ന് പോയാൽ അത്ര തവണ കഴുകിയാൽ മതിയാകും. എന്നാൽ മൂന്നോ അഞ്ചോ തവണ കഴുകിയാലേ പോകുന്നുള്ളൂവെങ്കിൽ അത്ര തവണ കഴുകേണ്ടി വരും. ബഹുഭൂരിപക്ഷം കർമ്മശാസ്ത്ര പണ്ഡിതന്മാരുടെയും അഭിപ്രായം ഇപ്രകാരമാണ്.

ആർത്തവരക്തം ശുദ്ധീകരിക്കേണ്ടതിന്റെ രൂപം ചോദിച്ചു വന്ന സ്ത്രീയോട് നബി -ﷺ- നൽകിയ മറുപടി മലമൂത്ര വിസർജനം ശുദ്ധീകരിക്കുന്ന കാര്യത്തിലും പരിഗണിക്കാവുന്നതാണ്.

عَنْ أَسْمَاءَ قَالَتْ: جَاءَتِ امْرَأَةٌ النَّبِيَّ -ﷺ- فَقَالَتْ: أَرَأَيْتَ إِحْدَانَا تَحِيضُ فِي الثَّوْبِ، كَيْفَ تَصْنَعُ؟ قَالَ: «**تَحُتُّهُ، ثُمَّ تَقْرُصُهُ بِالْمَاءِ، وَتَنْضَحُهُ، وَتُصَلِّي فِيهِ**»

അസ്മാഅ് -رضي الله عنها- നിവേദനം: നബി -ﷺ- യുടെ അരികിൽ ഒരു സ്ത്രീ വന്നു കൊണ്ട് ചോദിച്ചു: "ഞങ്ങളുടെ വസ്ത്രത്തിൽ ആർത്തവരക്തമായാൽ എന്താണ് ഞങ്ങൾ ചെയ്യേണ്ടത്?" നബി -ﷺ- പറഞ്ഞു: "(രക്തം) നീ ചുരണ്ടിക്കളയുകയും, പിന്നീട് വെള്ളം കൊണ്ട് ഉരച്ചു കഴുകുകയും, വെള്ളം കുറേശ്ശെയായി (അതിന് മേൽ) ഒഴിക്കുകയും ചെയ്യുക. ശേഷം ആ വസ്ത്രത്തിൽ നിസ്കരിക്കുകയും ചെയ്തു കൊള്ളുക." (ബുഖാരി: 227, മുസ്ലിം: 291)

ശൈഖ് ഇബ്നു ഉഥൈമീൻ -رحمه الله- പറയുന്നു: "ഈ ഹദീഥിൽ ആർത്തവരക്തം ശുദ്ധീകരിക്കുന്നതിന് നബി -ﷺ- പ്രത്യേകം എണ്ണം നിശ്ചയിച്ചതായി കാണുന്നില്ല. ഇതു പോലെ തന്നെയാണ് മൂത്രത്തിന്റെയും മലത്തിന്റെയും കാര്യം." (ശർഹുൽ മുംതിഅ്: 1/421)

മലവും മൂത്രവുമെല്ലാം എടുത്തു നീക്കാവുന്ന വസ്തുക്കളുടെ ഗണത്തിൽ പെട്ടതാണ്; അവ നീങ്ങിയാൽ അതുമായി ബന്ധപ്പെട്ട മതവിധികളും നീങ്ങുന്നതാണ്. അതിന് അനുവദനീയമായ ഏതു വഴികളും -പ്രത്യേകിച്ചൊരു എണ്ണമോ മറ്റോ- നിശ്ചയിക്കാതെ സ്വീകരിക്കാവുന്നതാണ്.

അതോടൊപ്പം നായയുടെ നജസ് വൃത്തിയാക്കുന്ന വിഷയ

ത്തിൽ പ്രത്യേകം എണ്ണം പറയപ്പെട്ടതു പോലെ മലമൂത്ര വിസർജനം വൃത്തിയാക്കുന്നതിൽ പ്രത്യേകം എണ്ണം സ്ഥിരപ്പെട്ടിട്ടില്ല. തെളിവ് സ്ഥിരപ്പെടാത്തിടത്തോളം പൊതു അടിസ്ഥാനത്തിൽ തന്നെ നില കൊള്ളുകയാണ് വേണ്ടത്. (ശർഹുൽ മുംതിഅ്: 1/421)

**28. മൂത്രമൊഴിച്ചാൽ വലതു കൈ കൊണ്ട് കഴുകുന്നതിന്റെ വിധിയെന്താണ്?**

വലതു കൈ കൊണ്ട് മലമൂത്ര വിസർജനം വൃത്തിയാകുന്നതിന്റെ വിധി എന്താണെന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.

**ഒന്നാമത്തെ അഭിപ്രായം:** വലതു കൈ കൊണ്ട് മലമൂത്ര വിസർജനം ശുദ്ധീകരിക്കുന്നത് വെറുക്കപ്പെട്ട മക്റൂഹായ കാര്യമാണ്. നാല് മദ്ഹബുകളും ഈ അഭിപ്രായത്തിൽ ഒരുമിച്ചിരിക്കുന്നു.

**രണ്ടാമത്തെ അഭിപ്രായം:** വലതു കൈ കൊണ്ട് മലമൂത്ര വിസർജനം ശുദ്ധീകരിക്കുന്നത് തീർത്തും ഉപേക്ഷിക്കേണ്ട നിഷിദ്ധമായ ഹറാമിൽ പെടുന്ന കാര്യമാണ്. ശാഫിഈ മദ്ഹബിലെ അഭിപ്രായങ്ങളിലൊന്ന് ഇപ്രകാരമാണ്. ഇമാം ഇബ്നു അബ്ദിൽ ബർറ്, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, ശൗകാനി, ഇബ്നു ബാസ് -رحمهم الله- തുടങ്ങിയവർ ഈ അഭിപ്രായത്തിനാണ് മുൻഗണന നൽകിയിട്ടുള്ളത്.

ഈ വിഷയത്തിൽ തെളിവായി പരിഗണിക്കപ്പെട്ട ഹദീഥുകൾ താഴെ നൽകാം.

عَنْ سَلْمَانَ رَضِيَ اللهُ عَنْهُ قَالَ: « ... نَهَانَا أَنْ نَسْتَقْبِلَ القِبْلَةَ لِغَائِطٍ أَوْ بَوْلٍ، أَوْ أَنْ نَسْتَنْجِيَ بِاليَمِينِ، أَوْ أَنْ نَسْتَنْجِيَ بِأَقَلَّ مِنْ ثَلَاثَةِ أَحْجَارٍ، أَوْ أَنْ نَسْتَنْجِيَ بِرَجِيعٍ أَوْ بعَظْمٍ»

സൽമാൻ -رضي الله عنه- പറയുന്നു: "മല മൂത്ര വിസർജന വേളയിൽ ഖിബ്‌ലക്ക് നേരെ തിരിഞ്ഞിരിക്കുന്നതും, വലതു കൈ കൊണ്ട് ശുദ്ധീകരിക്കുന്നതും, (മലമൂത്ര വിസർജനം) ശുദ്ധീകരിക്കാൻ മൂന്നിൽ കുറഞ്ഞ കല്ലുകൾ ഉപയോഗിക്കുന്നതും, എല്ലോ കാഷ്ഠമോ കൊണ്ട് ശുദ്ധീകരിക്കുന്നതും നബി -ﷺ- ഞങ്ങളോട് വിലക്കിയിരിക്കുന്നു." (മുസ്‌ലിം: 262)

عَنْ أَبِي قَتَادَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**إِذَا بَالَ أَحَدُكُمْ فَلَا**

يَأْخُذَنَّ ذَكَرَهُ بِيَمِينِهِ، وَلَا يَسْتَنْجِي بِيَمِينِهِ، وَلَا يَتَنَفَّسْ فِي الإِنَاءِ»

അബൂ ഖതാദ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "മൂത്രമൊഴിച്ചാൽ തന്റെ ഗുഹ്യാവയവം നിങ്ങളാരും വലതു കൈ കൊണ്ട് പിടിക്കരുത്. തന്റെ വലതു കൈ കൊണ്ട് അവൻ (മലമൂത്ര വിസർജനം) ശുദ്ധീകരിക്കുകയുമരുത്." (ബുഖാരി: 154, മുസ്‌ലിം: 267)

മേലെ നൽകിയ രണ്ട് ഹദീഥുകളിലും നബി -ﷺ- വലതു കൈ കൊണ്ട് ശുദ്ധീകരിക്കുന്നത് വിലക്കിയതായി കാണാം. ഹദീഥുകളിലെ വിലക്കിന്റെ പ്രയോഗം ഹറാമിനെയാണോ മക്റൂഹിനെയാണോ അറിയിക്കുന്നത് എന്നതിലുള്ള അഭിപ്രായവ്യത്യാസമാണ് രണ്ട് വ്യത്യസ്ത വീക്ഷണങ്ങൾ ഈ വിഷയത്തിൽ ഉടലെടുത്തതിന്റെ പിന്നിലെ കാരണം.

പൊതുവെ നബി -ﷺ- ഒരു കാര്യം വിലക്കിയാൽ അത് ഹറാമിനെയാണ് അറിയിക്കാറുള്ളത് എന്നതാണ് അടിസ്ഥാനം. അതിൽ വ്യത്യാസമുള്ളതായി അറിയിക്കുന്ന പ്രത്യേകിച്ചൊരു തെളിവും വേറെ വന്നിട്ടില്ലാത്തതിനാൽ വലതു കൈ കൊണ്ട് ശുദ്ധീകരിക്കുന്നത് ഹറാമാണെന്ന് തന്നെയാണ് മനസ്സിലാകുന്നത്. വല്ലാഹു അഅ്ലം. (മിർആതുൽ മഫാതീഹ് / മുബാറക്ഫൂരി: 2/50)

സാന്ദർഭികമായി ഓർമ്മപ്പെടുത്തട്ടെ: ഒരാളുടെ ഇടതു കൈ ഒടിയുകയോ, അതിലെ എല്ലിന് പൊട്ടൽ സംഭവിക്കുകയോ, മറ്റെന്തെങ്കിലും രോഗം ബാധിക്കുകയോ ചെയ്താൽ വലതു കൈ കൊണ്ട് ശുദ്ധീകരിക്കുന്നത് അനുവദനീയമാകുന്നതാണ്. (മജ്മൂഉ ഫതാവാ / ഇബ്നു ബാസ്: 12/237)

## 29. വിസർജന സ്ഥലത്ത് അധികം സമയം ചിലവഴിക്കുന്നതിന്റെ വിധിയെന്താണ്?

മലമൂത്ര വിസർജനത്തിനായി മാറ്റിവെക്കപ്പെട്ട ഇടങ്ങളിൽ ആവശ്യം കഴിഞ്ഞാലും സമയം ചിലവഴിക്കുന്നത് ഒഴിവാക്കേണ്ട കാര്യമാണ്. ഇത് മക്റൂഹാണെന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. കാരണം;

1- ആവശ്യമില്ലാതെ ഔറത് വെളിവാക്കുക എന്നത് ഒഴിവാക്കപ്പെടേണ്ടതാണ്.

2- മലമൂത്ര വിസർജനത്തിന്റെ ഇടങ്ങൾ ജിന്നുകളിൽ പെട്ട പിശാചുക്കളുടെ കേന്ദ്രങ്ങളാണ്; അത്തരം മോശം സ്ഥലങ്ങളിൽ കൂടു

തൽ നേരം കഴിച്ചു കൂട്ടുക എന്നത് ഒഴിവാക്കേണ്ടതാണ്.

3- പൊതുവിസർജന ഇടങ്ങളാണെങ്കിൽ തനിക്ക് ശേഷം അവിടം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്ന വ്യക്തിയെ പ്രയാസപ്പെടുത്തലാണ് ഇത്.

ഇതല്ലാതെ മറ്റനേകം ആരോഗ്യപരവും മതപരവുമായ കാരണങ്ങൾ പണ്ഡിതന്മാർ വേറെയും ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

**30. മലമൂത്ര വിസർജനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട മര്യാദകൾ ചുരുക്കി വിവരിക്കാമോ?**

മലമൂത്ര വിസർജന വേളയിൽ ശ്രദ്ധിക്കേണ്ട അനേകം മര്യാദകളുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് താഴെ ചുരുക്കി വിവരിക്കാം.

1- വിസർജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട ദിക്ർ ചൊല്ലുക.

2- വിസർജന സ്ഥലത്തേക്ക് ഇടതു കാൽ ആദ്യം പ്രവേശിപ്പിക്കുക.

3- മല മൂത്ര വിസർജന വേളയിലോ, വിസർജന സ്ഥലത്ത് വെച്ചോ നാവു കൊണ്ടുള്ള ദിക്ർ ചൊല്ലുന്നത് ഉപേക്ഷിക്കുക.

4- അല്ലാഹുവിന്റെ പേരുള്ള എന്തെങ്കിലും വസ്തുക്കൾ വിസർജന സ്ഥലത്തേക്ക് പ്രവേശിപ്പിക്കുന്നത് പരമാവധി ഒഴിവാക്കുക.

5- മലമൂത്ര വിസർജനത്തിന് ഇടയിൽ സംസാരം ഉപേക്ഷിക്കുക; അനിവാര്യമോ അത്യാവശ്യമോ ആയ കാര്യങ്ങൾക്ക് വേണ്ടി സംസാരിക്കാം.

6- വെളിപ്രദേശങ്ങളിലാണ് മലമൂത്ര വിസർജനം ചെയ്യുന്നതെങ്കിൽ ജനങ്ങളുടെ കാഴ്ച്ചയിൽ നിന്ന് മറയുക.

7- ഔറത് മറ്റുള്ളവരിൽ നിന്ന് നിർബന്ധമായും മറക്കുക.

8- ശരീരത്തിലേക്കോ വസ്ത്രത്തിലേക്കോ മൂത്രം തെറിക്കാൻ സാധ്യതയില്ലാത്ത, താഴ്ന്ന സ്ഥലത്ത് മൂത്രമൊഴിക്കാൻ ശ്രദ്ധിക്കുക.

9- ഖിബ്‌ലക്ക് നേരയോ, ഖിബ്‌ലയിൽ നിന്ന് തിരിഞ്ഞിരുന്നു കൊണ്ടോ മലമൂത്ര വിസർജനം നടത്തുന്നത് ഉപേക്ഷിക്കുക.

10- ജനങ്ങൾ കൂടിയിരിക്കുന്ന, അവർക്ക് പ്രയോജനകരമായത് എന്തെങ്കിലുമുള്ള ഇടങ്ങളിൽ മലമൂത്ര വിസർജനം നടത്തരുത്.

11- മസ്ജിദ്, മഖ്ബറ എന്നിവടങ്ങളിൽ മല മൂത്ര വിസർജനം

ചെയ്യുന്നത് ഹറാമാണ്.

12- ഭൂമിയിലും മരങ്ങളിലുമെല്ലാം കാണപ്പെടുന്ന പൊത്തുകളിലോ വിടവുകളിലോ മലമൂത്ര വിസർജനം നടത്തരുത്.

13- കുളിക്കാൻ വേണ്ടി മാത്രമായി സംവിധാനിക്കപ്പെട്ട കുളിമുറികളിൽ മൂത്രമൊഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

14- വിസർജന സ്ഥലത്ത് നിന്ന് പുറത്തു വരുമ്പോൾ വലതു കാൽ ആദ്യം പുറത്തേക്ക് വെക്കുക.

15- വലതു കൈ കൊണ്ട് മലമൂത്ര വിസർജ്യം ശുദ്ധീകരിക്കരുത്.

16- വിസർജന സ്ഥലത്ത് നിന്ന് പുറത്തു വരുമ്പോഴുള്ള പ്രാർത്ഥന ചൊല്ലുക.